കണ്ണൂർ സർവകലാശാല അദ്ധ്യാപക വിദ്യാഭ്യാസ കേന്ദ്രം,
ധർമ്മശാല

കലാലയ മാഗസിൻ 2024-2025

കേരള സർക്കാർ
പിണറായി വിജയൻ
മുഖ്യമന്ത്രി

നം. 1172/പ്രസ്/സി.എം.ഒ/25 18 നവംബർ, 2025

# സന്ദേശം

കണ്ണൂർ യൂണിവേഴ്സിറ്റി ടീച്ചർ എജ്യൂക്കേഷൻ സെന്റർ സ്റ്റുഡന്റ്സ് യൂണിയന്റെ ആഭിമുഖ്യത്തിൽ *'അയിന്'* എന്ന പേരിൽ ഈ അദ്ധ്യയന വർഷത്തെ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം.

കലാലയത്തിൽ നടന്ന അക്കാദമിക - അക്കാദമികേതര പ്രവർത്തനമികവുകൾ, വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും സർഗ്ഗാത്മക രചനകൾ, അനുഭവക്കുറിപ്പുകൾ, തുടങ്ങിയവ ഉൾക്കൊള്ളുന്നതാകും മാഗസിൻ എന്നു കരുതുന്നു.

എല്ലാ ഭാവുകങ്ങളും നേരുന്നു.



**The Principal**
Kannur University Teacher Education Centre

പിണറായി വിജയൻ

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോൺ 0471 2333241, 2333812, 2333610 ഫാക്സ് 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോൺ 0471 2318406, 2314853
www.keralacm.gov.in

# MESSAGE

It gives me immense pleasure to present this message to our College magazine , a platform that reflect the creativity ,talent and intellectual spirit of our student community.

Every year this publication stands as a testament to the hard work , determination and collaborative efforts of our students creativity.

The article essays, artworks and reflections showcased in this magazine highlight diverse perspectives and the vibrant culture of our institution . I congrats every contributor for their creativity and commitment .

I also extend my heartfelt appreciation to the editorial board and faculty coordinators whose guidance and dedication made this publication possible.



**DR. PRASIDA**
COURSE DIRECTOR

# From the Staff Editor

വിദ്യാർത്ഥി ജീവിതത്തിലെ സുവർണ്ണ കാലമാണ് കലാലയ ജിവിതം. ഓരോ വിദ്യാർത്ഥിയുടെയും ജീവിതത്തിലെ മറക്കാനാവാത്ത ഓർമ്മകളും, ആശയ സംവാദങ്ങളും വ്യക്തിത്വ വികസനവും സംഭവിക്കുന്ന ഒരു കാലയളവും ഇത് തന്നെയാണ്. അദ്ധ്യാപനം എന്ന മഹത്തായ നിയോഗത്തിലോക്ക് നയിക്കുന്ന ഈ കലാലയത്തിലെ 2024-2025 വർഷത്തെ മാഗസിൻ "അയിന്" സമൂഹത്തിലെ അനീതിക്കും അസമത്വങ്ങളുടെ മുൻപിൽ ചൂണ്ടു വിരലുയർത്താനുള്ള യുവത്വത്തിന്റെ ആർജവത്തെ സൂചിപ്പിക്കുന്നു.അദ്ധ്യാപക സമൂഹം നവോത്ഥാനത്തിന്റെ വക്താക്കാളായി മാറേണ്ട ഈ കാലഘട്ടത്തിൽ അദ്ധ്യാപക വിദ്യാർത്ഥി സമൂഹത്തിന്റെ ചിന്തകളും ആശയങ്ങളും പ്രതിഫലിപ്പിക്കാൻ ഈ മാഗസിനു കഴിയട്ടെ എന്നാശംസിക്കുന്നു.അനാചാരങ്ങൾ തിങ്ങിനിറഞ്ഞ ഇരുണ്ട മുറികളിലേക്ക് സൂര്യ രശ്മികൾ പ്രഭാതം വിടർത്തുന്ന പോലെ, ഇരുണ്ട മനസുകളിൽ വെളിച്ചമെത്തിക്കുക എന്ന ആദർശത്തിനായി മുന്നോട്ടു വന്ന എല്ലാ യുവ അദ്ധ്യാപകർക്കും ഹൃദയാശംസകൾ



**DR. ARUN K**
Staff Editor

# EDITORS NOTE

“ഇവിടെ ഇതൊക്കെ ഇങ്ങനെയാ... ഇതാ നാട്ടുനടപ്പ്... ചോദ്യം ചോദിച്ചാൽ പ്രശ്നമാകും...”
നമ്മൾ പതിവായി കേൾക്കുന്ന ഈ വാചകങ്ങൾ പലപ്പോഴും ഒരു സമൂഹത്തിന്റെ കട്ടിയാർന്ന ഘടനയെ സൂചിപ്പിക്കുന്നു. മാറാൻ മടിക്കുന്ന, ചോദ്യം ചെയ്യലിനെ അസ്വസ്ഥതയായി കാണുന്ന, “ഇങ്ങനെയാണല്ലോ എന്നും” എന്ന ഉറച്ച നിലപാടുകൾ. അത്തരം ഒരു പശ്ചാത്തലത്തിലാണ് “അയിന്” എന്ന പേരിൽ ഈ മാസിക മുന്നോട്ട് വരുന്നത്.
“അയിന്” — സാധാരണ ഭാഷയിൽ “അതിന്?”, “സോ വാട്ട്?” എന്നൊരു ലഘുവായ പ്രതികരണം പോലെ തോന്നാം. പക്ഷേ അതിനുള്ളിൽ ഒളിഞ്ഞിരിക്കുന്നതൊരു ശക്തമായ ആശയമാണ്: ചോദ്യം ചോദിക്കാനുള്ള ധൈര്യം. ശുദ്ധമായ സാഹിത്യഭാഷയിൽ നിന്നല്ല, പ്രാദേശികതയുള്ള, സാധാരണ മനുഷ്യന്റെ നാവിൽനിന്ന് സ്വാഭാവികമായി വീഴുന്ന ഒരു ചോദ്യം തന്നെയാണ് ഈ തലക്കെട്ട്. പഠിപ്പിച്ചെടുത്തതോ ആരെങ്കിലും നിശ്ചയിച്ചുതന്നതോ അല്ലാത്ത, സ്വന്തം ഉള്ളിൽനിന്ന് ഉയരുന്ന ചോദ്യം.
ചോദ്യം ചെയ്യലാണ് ആശയവിനിമയത്തിന്റെ അടിസ്ഥാനശക്തി. ചോദ്യം ഉണ്ടാകുമ്പോഴാണ് സംഭാഷണം തുടങ്ങുന്നത്; സംശയം ഉണ്ടാകുമ്പോഴാണ് ചിന്ത വികസിക്കുന്നത്; ചോദ്യം നിലനിൽക്കുമ്പോഴാണ് മാറ്റം സാധ്യമാകുന്നത്. ചോദ്യം ചോദിക്കാതെയുള്ള അംഗീകരണം സമൂഹത്തെ നിശ്ചലമാക്കും; ചോദ്യം ചോദിക്കുന്ന മനസ്സുകളാണ് സമൂഹത്തെ മുന്നോട്ട് നയിക്കുന്നത്.
വിദ്യാഭ്യാസ രംഗത്ത് ചോദ്യം ചെയ്യലിന് പ്രത്യേക പ്രാധാന്യമുണ്ട്. അധ്യാപനഅഭ്യസന പ്രക്രിയ ഒരു ഏകപക്ഷീയ കൈമാറ്റമല്ല; അത് സംവാദമാണ്. “എന്തുകൊണ്ട്?” എന്നൊരു ചോദ്യമാണ് പഠനത്തെ ആഴത്തിലേക്കും വിമർശനാത്മക ചിന്തയിലേക്കും നയിക്കുന്നത്. ചോദ്യം ചോദിക്കാൻ അവസരം നിഷേധിക്കപ്പെടുന്ന ഇടങ്ങൾ അറിവിന്റെ വളർച്ചയെ തടയുന്നു; ചോദ്യം പ്രോത്സാഹിപ്പിക്കുന്ന ഇടങ്ങൾ ചിന്തിക്കുന്ന വ്യക്തികളെയും ഉത്തരവാദിത്തമുള്ള പൗരന്മാരെയും സൃഷ്ടിക്കുന്നു.

“അയിന്” ചോദ്യം ചെയ്യലിനെ പ്രശ്നമായി കാണുന്ന മനോഭാവത്തോടുള്ള ഒരു ചെറിയ എതിർവാക്കാണ്. പതിവുകളെ, ഘടനകളെ, “ഇങ്ങനെയേ നടക്കൂ” എന്ന ധാരണകളെ നിസ്സംഗമായി അംഗീകരിക്കാതെ, അവയെ ചോദ്യം ചെയ്യാൻ വായനക്കാരെ ക്ഷണിക്കുന്ന ഒരു ശ്രമം. ഇവിടെ ഉയരുന്ന ചോദ്യങ്ങൾ ഏതെങ്കിലും പാർട്ടി, മതം, ആശയം, അല്ലെങ്കിൽ അധികാരകേന്ദ്രം നിർദ്ദേശിക്കുന്നതല്ല; സ്വതന്ത്രമായ മനുഷ്യബോധത്തിൽ നിന്നുള്ളവയാണ്. ചോദ്യം ചോദിക്കുന്നത് അന്ധവിശ്വാസങ്ങളെ തകർക്കുന്നു. “ഇങ്ങനെയാ പണ്ടുമുതൽ” എന്ന മറുപടികൾക്ക് മുന്നിൽ “എന്തുകൊണ്ട്?” എന്ന് ചോദിക്കുമ്പോഴാണ് യുക്തിരഹിതമായ വിശ്വാസങ്ങൾ പൊളിയുന്നത്. അതേസമയം, ന്യായമായ കാര്യങ്ങൾക്ക് പിന്നിലുള്ള കാരണങ്ങളെ തിരിച്ചറിയാനും ചോദ്യം നമ്മെ സഹായിക്കുന്നു. അങ്ങനെ ചോദ്യം ചെയ്യൽ നിഷേധമല്ല; അത് വിവേചനവും തിരിച്ചറിവും ആണ്.
“അയിന്” ഉറച്ച ഉത്തരങ്ങൾ നൽകുന്ന ഒരു മാസികയായി മാറാൻ ശ്രമിക്കുന്നില്ല. പകരം, ചോദ്യങ്ങൾക്ക് ഇടം നൽകുന്ന ഒരു വേദിയാകാനാണ് ശ്രമിക്കുന്നത്. ഇവിടെ നിങ്ങൾക്ക് ഉത്തരങ്ങളോടൊപ്പം തുറന്ന ചോദ്യങ്ങളും കാണാം. കാരണം, മാറ്റത്തിന്റെ തുടക്കം പലപ്പോഴും ഒരു ലളിതമായ “അയിന്?” എന്ന ചോദ്യം തന്നെയായിരിക്കും. ഈ പേജുകൾ തുറക്കുമ്പോൾ, നിങ്ങൾ ഒരു വായനക്കാരൻ മാത്രമല്ല; ഒരു ചോദ്യം ഉയർത്തുന്ന മനസ്സായി മാറുന്നു. വായിക്കുക, ചിന്തിക്കുക, ചോദ്യം ചെയ്യുക. ഒരുപക്ഷേ, ഇവിടെനിന്ന് നിങ്ങളിൽ ജനിക്കുന്ന ഒരു ചെറിയ “അയിന്?” തന്നെയാകും വലിയ മാറ്റങ്ങളുടെ തുടക്കം.



**M P SHIBIN JANARDHANAN**
STUDENT EDITOR



## Editorial Board


Alaka M T
Anusree PK
Arsha S
Blessy M Peter
Hisana VA
Ijas C
Malavika Suresh
M P Shibin Janardhanan
Manya K
Midhunraj M E
Nived K
Rahana K V
Sidharth M
Sukanya S


# Contributors

CHIEF EDITOR : **Dr. Prasida**

STAFF EDITOR: **Dr. Arun K**

STUDENT EDITOR: **M P Shibin Janardhanan**

COVER & ILLUSTRATIONS - **Divek C Damodaran**


LAYOUT AND DESIGN : **Rishith**

# Index

1.**Message**........................................ 02
2.**From the staff  Editor**..................03
3.**Editor's Note**............................... 04
4.**Contributors**...............................05
5.**Index**.......................................... 06
6.**Intertwined**................................ 09
7. **Roar**............................................10
8. **Rage of the Rain**..........................11
9. നരബലി...........................................12
10.ഓർമ്മകൾ.........................................14
11.**The Parched Pilgrim's Plea**.......15
12.നീ ..................................................16
13.വളർന്ന പൈതൃകത്തിന്റെ വിരലടയാളം....17
14.ക്ലാസ്സ് ലീഡർ .....................................18
15.തെറ്റിദ്ധാരണ......................................20
16.ഭയം .................................................21
17.അച്ഛൻ ..............................................23

# Index

18.**The Referee**.................................. 24
19.**Christmas Present**...................... 25
20.പ്രിയപ്പെട്ടവൾ.....................................28
21.പ്രകൃതി മനോഹരി ..............................29
22.കൂന്.................................................30
23.**Palakkad:A Microsm of India's Composite Heritage**...31
24. തുപ്പലുപൊട്ടി.....................................33
25."ഭാവന" മെഡിക്കൽസ്..........................35
26. ഒടുക്കം.............................................36
27.സമ്മാനം...............................................37
28.മഴ.......................................................39
29.**Gunshots at peak**...........................40
30.**Where Wings Couldn't Fly**...........41
31.**Reverie**...........................................43
32.**Sailors in the Deep Sea**.................44
33.**Art Works by Students**..................46
34.**Unlocking Memories**.....................48


ഒരിക്കൽ ഒരു മനുഷ്യൻ മാത്രം
നടന്നു,
പൊടിയേറ്റ വഴിയിലൂടെ, ആരും
തിരിഞ്ഞു നോക്കാത്ത രാവുകളിൽ.
മൗനം കാവൽ നിന്ന തെരുവുകളിൽ
അവന്റെ മനസ്സിൽ ഒരേ ശബ്ദം —
"അതെന്താ? എന്തുകൊണ്ട്?
ആരാണ് എഴുതിയത് ഈ
നിയമങ്ങൾ?"

# Intertwined

When birds start to sing their live chatters,
When oceans begin to bring down the waves,
When the night falls its hand on the dreams,
I become the floating air around.

You are the bloom, and you are the ripple,
Which makes my life glitter or grieve.
Can't be the hatred and can't be the trace.
I became the one who pulls my life own.

Love is in the air, and love is in all,
But where is the me inside?
Between the meadow and the shining daylight,
Between the grave and the bleeding wounds

**-Hisana V A**
*English*



# Roar

They tell me God made borders—who decided that lie?
They tell me skin defines worth—does blood not prove them wrong?
They say men lead and women follow—who benefits from that chain?
They say power writes the law—then where does justice live?
They call war "protection"—protecting whom?
They call chains "tradition"—whose history?
They call silence "discipline"—for whose comfort, ?
They call greed "progress"—at what cost ?
If the poor stay voiceless—how long till the streets speak?
If the rich keep winning—how long till we all lose?
If truth gets twisted—who gains from the knot?
If lies wear crowns—who kneels to bow?
Let  every question be  a crack in the wall.
Every question be a fist that won't fall.
Every question is the start of a roar .
Let the roar turn the world inside out.


- **M P Shibin Janardhanan**
*English*



# The Rage of Rain

Long ago,
Your arrival used to cherish our hearts,
Your drizzles caressed our souls,
And your subtle haze calmed our minds.
Years ago,
You blessed our lands with blossoms of life,
You filled our rivers with hopes for the future,
And you nourished our soil with the holy water of heaven.
But now,
Your fury terrifies us,
Your anger frightens us,
And your insanity startles us.
Oh dear rain,
Are we the reason for your pain?
Your anger and your misery?
If so, spare us-
As you are not as inhumane as us.

- **Malavika Suresh**
*Physical Science*



# നരബലി

അരുതമ്മേ, അരുത്...
കോരിത്തരിക്കുന്ന തീകട്ടകൾ എന്നിൽ വാരിയെറിയാതെ...
അരുതമ്മേ, അരുത്...
എന്നെ വെണ്ണിറക്കി മാറ്റാതിരുന്നൂടേ...

അമ്മതൻ മൂത്ത പുത്രിയെന്ന പാപമേന്തി ഞാൻ
നിദ്രയിൽ അഴ്ന്നുറങ്ങുന്ന എന്നെ നീ ഭസ്മമാക്കല്ലേ...

വെന്തുരുകുന്ന എന്റെ ശരീരത്തെ കൊണ്ടു
അമരത്വം ലഭിക്കുമെന്നോ അമ്മേ...?

എന്റെ കന്യകത്വത്തിൽ വിരിഞ്ഞ പുണ്യത്തിന്റെ
അമരത്വമണോ അമ്മതൻ ആഗ്രഹം...?

എന്റെ അക്ഷരങ്ങളിൽ ഉറച്ച തീരുമാനത്തിലാണോ അമ്മതൻ അമരത്വം...?

എന്റെ സ്വപ്നംകൊണ്ട് തീർത്ത ചതുപ്പ് കൊട്ടാരത്തിനു
മുകളിലാണോ അമ്മതൻ അമരത്വം...?

നീ നൊന്തുപ്രസവിച്ച ചോരയല്ലേ അമ്മേ ഞാനും...
നിൻ മടിയിലിരിക്കും രണ്ടു പുത്രന്മാരെ പോലെയല്ലേ ഞാനും...
ഒരുപാട് സ്നേഹചുംബനങ്ങൾ ഞാനും നൽകിയതല്ലേ അമ്മേ...

എന്നിട്ടും എന്നെ മാത്രം നരബലി കൊടുത്തുകൊണ്ട്
അമരത്വം എന്തിനായിരുന്നു അമ്മേ നിനക്ക്...

ഏഴ് വിസ്മയങ്ങൾ ഞാൻ കണ്ടുതീർന്നില്ല...
എന്റെ സ്വപ്നങ്ങളെ ഞാൻ തൊട്ടറിഞ്ഞില്ല...
എന്റെ വാക്കുകൾ ലോകം കേട്ടതുമില്ല...

അതിനു മുന്നേ ഏതോ നരഭോജികൾ പറഞ്ഞതുപോലെ
എന്റെ കിനാവിലെ അക്ഷരങ്ങൾ ലോകം അറിയും മുമ്പേ
ഈ നാലുകെട്ട് വീടിനുള്ളിൽ എന്തേ
നീ എന്നെ നരബലി കൊടുത്തു???

രഹന കെ വി
*Natural Science*





ചോദ്യങ്ങൾ
പാപമെന്ന് എഴുതിയ
ചുവരുകൾ,
ചിന്തകൾക്ക്
വാതിൽ അടച്ച
വിദ്യാലയങ്ങൾ,
ശീലങ്ങളാണ്
ഉത്തരമെന്ന് പഠിപ്പിച്ച
വീടുകൾ...
എങ്കിലും അവൻ
ചോദിച്ചു, ചോദിച്ചു,
വീണ്ടും ചോദിച്ചു —
വെളിച്ചം മറച്ച
മുറികളിൽ തീപ്പെട്ടി
പോലെ.

# ഓർമ്മകൾ

നേർത്ത വെളിച്ചം കടന്നെത്തുന്ന മുറി
തേങ്ങലുകളെ പൊതിഞ്ഞുവച്ച ചുവരുകൾ
ചില്ലുകുപ്പിയിൽ നിന്നും സ്വാതന്ത്ര്യം കിട്ടി
തറയിൽ കിടക്കുന്ന മഞ്ചാടി മുത്തുകൾ
പൊട്ടിച്ചിതറി തെറിച്ച കുപ്പിവളകൾ
കണ്ണുനീരിനാൽ മഷി പടർന്ന പുസ്തകത്താളുകൾ
പകുതിയിൽ നിർത്തിയ വാക്കുകൾ
മഷി തീർന്നൊഴിഞ്ഞ കുപ്പികൾ
ഇരുണ്ട ഭൂതകാലത്തിന്റെ അവശേഷിപ്പുകൾ.
മറന്നുവെന്ന് മനസ്സിനെ ഒരായിരം വട്ടം
പറഞ്ഞു പഠിപ്പിച്ചതാണ്
എന്നിട്ടും...
ഒരു നിമിഷത്തിന്റെ ഇടവേള പോലുമില്ലാതെ
പടികടന്ന് എത്തുകയാണ് ഓർമ്മകൾ...

ശ്രന്യ സി വി
മാത്തമാറ്റിക്സ്



# The Parched Pilgrim's Plea

A golden falcon, fierce yet tired,
soared through the sky as thirst grew dire.
With beating wings and searching eyes,
into our class, it took a dive.
A sudden gasp, a startled cry,
we leaped in shock as it swooped by.
It flapped in fear, it spun around,
but walls and windows closed it down.
It longed to leave, to taste the air,
yet found no path to take it there.
Trapped inside, it fought in vain,
its mighty wings brushed against the pane.
Then one among us stepped ahead,
with steady hands and heart unfed.
By fear just kindness, calm and true,
to help the bird find sky anew.
A sip of water, cool and pure,
to quench its thirst, to soothe, assure.
Then to the open world once more,
it spread its wings and upward soared.
We watched it go a fleeting sight,
a lesson learned in gentle might.
For even strength, both sharp and wild,
may sometimes need a caring child.

- **Anagha Sasi**
*Physical Science*

# നീ

ഒരു നേർത്ത  തെന്നലായ്
 നീ എന്നിൽ വന്നണഞ്ഞോൾ
ഞാൻ അറിഞ്ഞു ഐന്നതെന്ന
മഞ്ഞു മൂടിയ ശിശിരം പൊഴിഞ്ഞു
വന്ന വസ ം പോലെ നീ...
മൂകമാം മൗനം വിടരും പോലെ
തിര തേടിയലഞ്ഞ തീരം പോലെ
പെയ്തൊഴിഞ്ഞ മഴ പോലെ
നീ എന്നിൽ അലിഞ്ഞോൾ
ഞാൻ അറിഞ്ഞു നീ ഞാനാണ് എന്ന്

ഹിബാന വി എ
ഇംഗ്ലീഷ്



# വളർന്ന പൈതൃകത്തിന്റെ വിരലടയാളം

പ്രകൃതിയുടെ ഒരു അത്ഭുത വാസ്തുവിദ്യാ കലാകൃതിയാണ് ' ദൈവത്തിന്റെ സ്വന്തം ' നാട് എന്നറിയപ്പെടുന്ന നമ്മുടെ ഈ കൊച്ചു കേരളം. ഇന്ത്യയുടെ തെക്ക് – പശ്ചിമ ഭാഗത്ത് സ്ഥിതി ചെയ്യുന്ന കേരളം, ' ഭൂമിയിലെ സ്വർഗം ' എന്നും വിശേഷിക്കപ്പെടുന്നു. സമുദ്രം, മലനിരകൾ, നദികൾ തുടങ്ങിയവയുടെ സമന്വയത്തോടെയുള്ള അതുല്യമായ പ്രകൃതി സൗന്ദര്യത്തിന്റെ പ്രതീകമാണ് ഇവിടം.

കേരളത്തിന്റെ മഹത്തായ പാരമ്പര്യവും, സംസ്കാരവും, സാഹിത്യവും, കലകളുമൊക്കെത്തന്നെ ലോകമെമ്പാടും പ്രശസ്തമാണ്. കേരളത്തിന്റെ സംസ്കാരത്തെ പ്രതിനിധാനം ചെയ്യുന്ന ഓണവും, കൂടാതെ കാവടിയാട്ടം, പുലിക്കളി, ചാക്യർക്കൂത്ത് തുടങ്ങിയ കലാരൂപങ്ങളും ഈ മണ്ണിന്റെ തനിമ വിളിച്ചോതുന്നവയാണ്. വിവിധ മതങ്ങളും, സംസ്കാരങ്ങളും ഒന്നിനൊന്ന് കൈകോർത്ത് സമാധാനപരമായ സഹവർത്തിത്വത്തിൽ ജീവിക്കുന്ന ഈ നാട്, മതേതരത്വത്തിന്റെ ഉത്തമ മാതൃക കൂടിയാണ്. ശ്രേഷ്ഠമായ വിദ്യാഭ്യാസവും ആരോഗ്യസൂചികകളും കേരളത്തെ മുന്നിലെത്തിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു. ആരോഗ്യസംരക്ഷണത്തിലും വിദ്യാഭ്യാസമേഖലയിലും എത്തിച്ചേർന്ന നേട്ടങ്ങളാണ് കേരളത്തിന് ഏറ്റവും വലിയ അഭിമാനമായി നിലകൊള്ളുന്നത്. കേരളത്തിലെ ജനങ്ങളുടെ വിദ്യാഭ്യാസ നിരക്ക് ഇന്ത്യയിൽ തന്നെ ഏറ്റവും ഉയർന്നതാണ് എന്നത് മറ്റൊരു നേട്ടമായി കാണാം. ആയുർദൈർഘ്യത്തിലും ഈ നാട് ഏറ്റവും തിളങ്ങി നിൽക്കുന്നത് ഇവിടുത്തെ കൃത്യതയാർന്ന ആരോഗ്യപരിപാലനം തന്നെയാണ്. അതിന് ഏറ്റവും വലിയ ഉദാഹരണമായിരുന്നു 'കൊറോണ ' എന്ന മഹാമാരിയുടെ കാലം. മതവിശ്വാസങ്ങൾക്കും, ആശയങ്ങൾക്കും അതീതമായി നാം എല്ലാവരും കേരളീയരാണ് എന്നുറക്കെ പറഞ്ഞ ദിനരാത്രങ്ങൾ. ഇവയൊക്കെത്തന്നെയാണ് കേരളജനതയെ വ്യത്യസ്തമാക്കുന്നത്.

സൗന്ദര്യം കൊണ്ടുള്ള സമ്പത്തിലും ഏറെ മുന്നിലാണ് നാം. മനോഹരമായ ചായത്തോട്ടങ്ങളും, പച്ചപ്പ് നിറഞ്ഞ മലനിരകളും പാരിസ്ഥിതികമായ അനവധി പാരമ്പര്യവും ഇവിടെയുണ്ട്. വടക്ക്, കാസർഗോഡ് മുതൽ അവിടെ തെക്ക് തിരുവനന്തപുരം വരെ നീണ്ടുനിൽക്കുന്ന അനുദിനം വളർന്നുകൊണ്ടിരിക്കുന്ന വിനോദ സഞ്ചാര മേഖലയും കേരളത്തിന്റെ മുതൽക്കൂട്ടാണ്.ഹരിതനിറപ്പൊടിയിൽ പൊതിഞ്ഞ കുന്നുകളും, മണൽതീരങ്ങളിലെ ശാന്ത സന്ധ്യകളുമൊക്കെ കേരളത്തിന്റെ മനോഹരിതയെ കൂടുതൽ വർണാഭമാക്കുന്നു.

ഒരു മനുഷ്യജീവന് വേണ്ടി ഒരു നാട് ഒന്നാകെ കൈകോർത്ത വാർത്ത നാം പത്രത്താളുകളിൽ ഈയിടെ കണ്ടതാണ്. യഥാർത്ഥത്തിൽ ഇവിടം 'ദൈവത്തിന്റെ ' എന്നല്ല,'ദൈവങ്ങളുടെ നാടാണ്", ഒന്നല്ല, മൂന്നരക്കോടി ദൈവങ്ങളുടെ നാട്. അത് കല്ലിലോ, കുരിശിലോ, മരത്തിലോ ഉള്ള ദൈവങ്ങളല്ല. പക്ഷെ അവരാണ് ഈ നാടിന്റെ ഏറ്റവും വലിയ നിധി. മഹാമാരികൾ ഓരോന്നും ആർത്തുലച്ചു വന്നിട്ടും, മനസ് കൊണ്ടും, ചിന്ത കൊണ്ടും, കർമം കൊണ്ടും ഒന്നായ ഒരു പിടി നല്ല മനുഷ്യരുടെ നാടാണിത് മഹാകവി വള്ളത്തോൾ പറഞ്ഞു വച്ചതുപോലെ
"കേരളമെന്നു കേട്ടാൽ തിളക്കണം ചോര നമുക്ക് ഞരമ്പുകളിൽ!"
ഈ ഒരു കവിതാശകലം പോലും കാണിക്കുന്നത് ഐക്യകേരളത്തിന്റെ അന്തസ്സിനെ തന്നെയാണ്.

'നിർമിതബുദ്ധി'യുടെ ഈ വർത്തമാന കാലഘട്ടത്തിൽ ഇനിയും കേരളം ഏറെ മുന്നോട്ട് പോകേണ്ടതായിരിക്കുന്നു. ശാസ്ത്ര – സാങ്കേതികരംഗത്തും ഏറെ നേട്ടങ്ങൾ നാം നേടേണ്ടതായിരിക്കുന്നു. അതിനാൽ തന്നെ അത് ഓരോ മലയാളിയുടെയും കടമയായി കൂടി നാം കാണേണ്ടതുണ്ട്. വൈവിധ്യത്തിന്റെയും, സമാധാനപരമായ സഹവർത്തി ത്വത്തിന്റെയും സംയോജനം കൂടിയായ ഈ നാടിന് നാം ഓരോരുത്തരും കാവലാളാകേണ്ടതുണ്ട്.

സ്വന്തം മാതൃ ഭൂമിയായ കേരളം, ഓരോ മലയാളിക്കും ഏറെ പ്രിയമേറിയതാണ്. ഭാവുക ഗൃഹാതുരത്വത്തിന്റെ ഓരോ സമ്പത്തിനെയും കൈ മുതലാക്കിക്കൊണ്ട് ഈ പൈതൃകനാടിന്റെ കാവൽക്കാരായി ഓരോ മലയാളികൾക്കും മാറാം!

**അളക എം ടി**
സോഷ്യൽ സയൻസ്

# ക്ലാസ്സ് ലീഡർ

നമസ്കാരം!

നമസ്കാരം പറഞ്ഞു തുടങ്ങാൻ ഇത് പ്രസംഗം അല്ലെന്ന് അറിയാം. എന്നാലും ഈയുള്ളവനെ നിങ്ങൾ അല്പനേരം സഹിക്കേണ്ടിവരും. ഇതൊരു കുഞ്ഞു കാര്യമാണ്. ഒരു കുഞ്ഞു സ്കൂളിലെ കുഞ്ഞു ക്ലാസ് മുറിയിലെ ക്ലാസ് ലീഡറുടെ കഥ.

പത്താം ക്ലാസിലെ റിസൾട്ട് വന്നു. മുഴുവൻ എ പ്ലസ് കിട്ടിയിട്ടും അവസാനത്തെ അലോട്ട്മെന്റിലാണ് അവന് ആ വലിയ സ്കൂളിലെ സയൻസ് ബാച്ചിൽ അഡ്മിഷൻ കിട്ടിയത്. ഭാഗ്യം! എന്തായാലും ഒരു സീറ്റ് കിട്ടിയല്ലോ.
'എടാ എനക്കും ഈ സ്കൂളില് അഡ്മിഷൻ കിട്ടൂലേ ?'

ആദ്യത്തെ അലോട്ട്മെൻറ് കഴിഞ്ഞത് തൊട്ട് ഈയുള്ളവനോട് ആശങ്കയോടെ പറയാറുള്ള കാര്യമാണിത്. ഈയുള്ളവനെ ചെറിയ ചില 'മുൻഗണനകൾ' ഉള്ളതിനാൽ ആദ്യംതന്നെ ആ വലിയ സ്കൂളിലെ ഒരു ചെറിയ ഭാഗമാകാൻ സാധിച്ചു. പക്ഷേ അക്കാര്യത്തിൽ അവനു വലിയ പരാതി ഉണ്ടായിരുന്നില്ല. പരാതി പറഞ്ഞാൽ കൃത്യമായ പ്രതിവിധി കയ്യിലില്ലാത്തത് കൊണ്ടാണോ എന്നറിയില്ല. അവൻ ഈ നിമിഷം വരെ പരാതിപ്പെട്ടിട്ടില്ല.സമയം ഇനിയും ഉണ്ടല്ലോ.....
അതുകൊണ്ടുതന്നെയാണ് ഈയുള്ളവൻ എഴുതിയാലും ഇത് അവൻറെ കഥയാകുന്നത്.
അങ്ങനെ മഴയും ക്ലാസും ഈ വർഷം ഒരുമിച്ചാണ് ആരംഭിച്ചത്. ക്ലാസുകൾ നേരത്തെയും മഴ കുറച്ചുദിവസം വൈകിയും. രാവിലെ മുതൽ വൈകുന്നേരം വരെയുള്ള ഈ സ്കൂൾ സമ്പ്രദായം ആരാണാവോ കണ്ടെത്തിയത്! 9 മണിയുടെ ബെല്ലടിക്കുമ്പോഴേക്കും ക്ലാസ്സിൽ എത്തുക എന്ന കാര്യം ഞങ്ങളെ സംബന്ധിച്ചിടത്തോളം അല്പം കഷ്ടമുള്ള കാര്യമാണ്. തിരക്കുള്ള ബസ്സിലെ പടിയിൽ ബംഗാളികളോടൊപ്പം രാവിലെ പെയിൻറ് ബക്കറ്റിന്റെയും മറ്റു പണി സാധനങ്ങളും തൂക്കിയുള്ള അവരുടെ യാത്രയ്ക്ക് സമാനമായി ഞങ്ങളും സ്കൂൾ ബാഗും തൂക്കി ബസ്സിൽ തൂങ്ങിനിൽക്കും. അതൊരു സാഹസിക യാത്ര തന്നെയാണ്. പക്ഷേ അച്ഛനോട് പറയാറുള്ള സാഹസികമായ സ്കൂൾ യാത്രയുടെ ഏഴയലത്ത് എത്തില്ല കേട്ടോ....

അന്നും ഞങ്ങൾ അങ്ങനെ തൂങ്ങി തൂങ്ങി സ്കൂളിലേക്ക് യാത്രയായി. നടക്കുന്ന വഴിയിൽ മഴയും പെയ്തു .ഒരു കുടയിൽ ഞാനും ഈയുള്ളവനും ഒരുമിച്ചു നടന്നതിനാൽ രണ്ടുപേരും പകുതി മാത്രമേ നനഞ്ഞുള്ളൂ...!

വലിയ കേറ്റും കിടന്നു സ്കൂൾ കോമ്പൗണ്ടിൽ എത്തി.
'ആരോ ക്ലാസ്സിൽ ഉണ്ടെടാ'
ദൂരത്തിൽ നിന്നും ആരോ ക്ലാസ്സിൽ ഉള്ളതായി കാണാം. രണ്ടാം നിലയിലെ ആ ക്ലാസ് മുറിയുടെ അകം കാർമേഘങ്ങൾ ആകാശം മൂടി കിടക്കുന്ന ആ കർക്കിടകത്തിൽ അല്പം ഇരുണ്ടാണ് കിടന്നത്. ആദ്യം നനഞ്ഞ് ഞങ്ങൾ പതിയെ ക്ലാസ്സിലേക്ക് നടന്നെത്തി.
'മ്മ് എന്താടാ വൈകിയേ'
ക്ലാസ് ടീച്ചർ തന്നെയായിരുന്നു അത് .ഇംഗ്ലീഷ് ക്ലാസിനിടയിലാണ് ഞങ്ങൾ കയറിച്ചെന്നത്.
'വൈ ആർ യു ഗൈസ് ലേറ്റ്' അവർ ഞങ്ങളുടെ ഉത്തരത്തിനു മുന്നേ ചോദ്യം ആവർത്തിച്ചു.
'ബസ് ഗെയിം ലേറ്റ് ടീച്ചർ'
'ഓക്കേ ഗെറ്റ് ഇൻ '
അങ്ങനെ വൈകിയെത്തിയതിനുള്ള ചോദ്യം ചെയ്യൽ ചടങ്ങ് വേഗം തന്നെ അവസാനിപ്പിച്ചു ഞങ്ങളെ അകത്ത് കയറ്റി. ആന്റൺ ചെക്കോവിന്റെ 'നെല്ലിക്കകൾ' (ഏഹീലെയല്യൃശലെ) ആയിരുന്നു അരങ്ങിൽ. അടുത്തിരുന്നവന്റെ പേജ് ഏതാണെന്ന് നോക്കി. ആ പേജ് എടുത്തുള്ള ഇരിപ്പു തുടങ്ങി. ജീവിതത്തിൻറെ അർത്ഥവും സ്വാതന്ത്ര്യത്തിന്റെ രുചിയും തേടിയുള്ള ആ നെല്ലിക്ക യാത്ര അവസാനവും ആദ്യവും കയ്പ്പ് തന്നെയായിരുന്നു. ആദ്യത്തെ പിരീഡ് തന്നെ ഞാൻ ഉറക്കം തൂങ്ങി. ഇനി ക്ലാസ് എടുക്കുന്നത് ഈ ടീച്ചർ ആയതുകൊണ്ടാണ് എന്നറിയില്ല. പക്ഷേ അവൻ എല്ലാം ഉൾക്കൊള്ളുന്നുണ്ടായിരുന്നു. അല്ലെങ്കിലും അവൻ അങ്ങനെ തന്നെയാണ് പ്രായത്തിൽ കവിഞ്ഞ പക്വത ഞാനവനിൽ കണ്ടിട്ടുണ്ട്.

നല്ല വീക്ഷണവും ഉണ്ട്. എന്നുവച്ച് എല്ലാ കഥയിലും പ്രശ്നങ്ങൾ പരിഹരിച്ച് വിജയം കാണുന്ന നായകനെ നിങ്ങൾ അവനിൽ കാണരുത്. അവൻ കരയുന്നതും നിസ്സഹായനായി നിൽക്കുന്നതും തോറ്റിരിക്കുന്നതും ഞാൻ കണ്ടിട്ടുണ്ട്. പക്ഷേ അവൻ നല്ലൊരു സാമൂഹിക ജീവിയാണ് അതായത് നല്ലൊരു മനുഷ്യൻ എല്ലാവരെയും പരിഗണിക്കാനും അവരുടെ പരിഗണനകൾ തന്നെ പലതാകുമ്പോൾ ഒന്നിപ്പിക്കാനുള്ള ഒരു കഴിവ് അവനുണ്ട്. അതിനാൽ അവനോട് ക്ലാസ് ലീഡർ നീ ആവണമെന്ന് പറഞ്ഞത് ഈയുള്ളവനാണ്. ക്ലാസ് ലീഡർ എന്നെ തീരുമാനിക്കുന്ന ആ മുഹൂർത്തം പക്ഷേ ഇന്നായിരുന്നു. സ്വാഭാവികം! എന്നല്ലേ നിങ്ങൾ ഇപ്പോൾ മനസ്സിൽ വിചാരിച്ചത്. കാരണം കഥയുടെ പേരും അതു തന്നെയാണല്ലോ! 'പോകുന്നതിനു മുമ്പ് ഒരു കാര്യം പറയാനുണ്ട്'
ബെല്ലടിച്ചിട്ടും ക്ലാസ് ടീച്ചർ പോവാത്തത് എന്തുകൊണ്ട് എന്ന എൻറെ ചോദ്യത്തിന് ഉത്തരം കിട്ടി.

'നമ്മുടെ ക്ലാസ്സ് ലീഡറെ തിരഞ്ഞെടുത്തിട്ടുണ്ട്'മുൻ ബെഞ്ചിൽ ഇരിക്കുന്ന ഒരാളെ ചൂണ്ടിക്കാണിച്ചുകൊണ്ട് ടീച്ചർ പറഞ്ഞു. ആ മുൻപേ കാരൻ ടീച്ചർക്ക് പ്രിയപ്പെട്ടവൻ ആകുന്നു എല്ലാ വിവരങ്ങളും എത്തിച്ചു കൊടുക്കുന്നവനാകുന്നു. ചൊൽപ്പടിക്കു നിൽക്കുന്നവൻ ആകുന്നു.
'ഇതിൽ തിരഞ്ഞെടുപ്പ് എപ്പോഴാണ് നടന്നത് ? '
എൻറെ ഉറ്റ ചങ്ങാതി പാതി നനഞ്ഞ അവൻ പിറുപിറുത്തു. മഴകൊണ്ട് അവൻറെ പുസ്തകം നനഞ്ഞിട്ടുണ്ട് നെല്ലിക്ക എന്ന ആന്റൺ ചെക്കോവിന്റെ കഥയിലും ആ നനവ് കാണാം. പഴയ പത്രം കൊണ്ടായിരുന്നു അവൻ ആ പുസ്തകം പൊതിഞ്ഞിരുന്നത്. അതിനാൽ ആവണം അകത്തെ പേജുകൾ അല്പം നനഞ്ഞത്. മടക്കിവെച്ച ആ പുസ്തകത്തിന് പൊതിഞ്ഞ പത്രക്കടലാസിൽ കഴിഞ്ഞ ഇലക്ഷനിൽ വോട്ടിംഗ് യന്ത്രത്തിൽ കള്ളത്തരം കാട്ടാൻ ശ്രമിച്ച അതുമായി ബന്ധപ്പെട്ട ഒരു വാർത്തയും കാണാം. അങ്ങനെ ക്ലാസ് ലീഡറെ പ്രഖ്യാപിച്ച് ക്ലാസ് ടീച്ചർ പതിയെ പുറത്തിറങ്ങി അപ്പോഴേക്കും മേഘങ്ങൾ വെളിച്ചത്തിനൊപ്പം വഴി നൽകി ചെറിയ വെയിലും വന്നു.
'വാ നമുക്ക് നെല്ലിക്ക ഉണക്കാനിടാം'
ഞാൻ പറഞ്ഞു.
“ഹഹഹ”
ഒരു നിമിഷത്തെ ആലോചനക്ക് ശേഷം അവൻ ചിരിച്ചു .ഞങ്ങളെ പാതി നനയാതെ മഴയിൽ നിന്നും കാത്ത് കുടയും പുസ്തകവും ഒന്ന് വെയിലത്ത് വെക്കാം. അങ്ങനെ ഞങ്ങൾ പുറത്തിറങ്ങി .അടുത്തത് ഫിസിക്സ് പിരിയടാണ്. ഫിസിക്സിന്റെ മാഷ് പക്ഷേ ഉത്തരങ്ങളുമായി ഞങ്ങളുടെ അടുത്ത് വരാറില്ല പതിവ് ഞങ്ങളോട് ചോദ്യം ചോദിക്കുകയാണ്.
'മാഷ് വരുന്നത് വരെ നമ്മക്കും വെയിലു കൊള്ളാം' അപ്പോഴേക്കും ഈ നെല്ലിക്കയും ഉണങ്ങും ഞാൻ പറഞ്ഞ തമാശ അവൻ വീണ്ടും ഉപയോഗിച്ചു. എനിക്ക് പക്ഷേ ചിരി വന്നില്ല. ആവർത്തനവിരസതയല്ല! ശരിക്കും വെയിൽ കൊണ്ടു ഉണങ്ങേണ്ടത് ഞങ്ങളാണോ? ഈ നെല്ലിക്ക ഉണക്കിയെടുക്കണോ? ഈ നെല്ലിക്ക മാത്രം എന്തുകൊണ്ട് എന്നറിയില്ല ആദ്യം കയ്ക്കും പിന്നെയും കയ്ക്കും എന്നു തോന്നുന്നു. ദൂരത്തു നിന്നും ഫിസിക്സ് മാഷ് വരുന്നത് കാണാം.
വഴിയിൽ അദ്ദേഹത്തോടൊപ്പം പലരും ചിരിച്ചുകൊണ്ട് കൂടിച്ചേരുന്നുണ്ട്.. ക്ലാസ് ടീച്ചർ അടുത്ത ബിൽഡിങ്ങിലൂടെ അടുത്ത ക്ലാസിലേക്കുള്ള നടപ്പാണ്. വരാന്തയിലേക്ക് കുടവിരിച്ചു വെക്കാനും മറ്റുമായി പുറത്തിറങ്ങിയവർ ഓടി ക്ലാസിൽ കയറുന്നുണ്ട് അടുത്ത ബിൽഡിങ്ങിന് മുകളിലൂടെ ഒരു വലിയ ഇരുണ്ട കാർമേഘവും പറന്നു നടക്കുന്നുണ്ട്. ഫിസിക്സ് മാഷ് തന്നെ ക്ലാസ്സിൽ ക്ലാസ്സ് ലീഡർക്കുള്ള തിരഞ്ഞെടുപ്പ് നടത്തിയ ശേഷം വരുന്ന വഴിയാണ്. ഇത്രനേരം കഥ പറഞ്ഞിട്ടും നമ്മൾ പരിചയപ്പെട്ടിട്ടില്ലല്ലോ! നിങ്ങൾ ഏതു ക്ലാസ്സിലാണ്? അവിടെ വെയിൽ ഉണ്ടോ? നിങ്ങൾ വെയിലത്തിറങ്ങില്ലേ?

നന്ദി!

നന്ദി പറഞ്ഞവസാനിപ്പിക്കാൻ ഇത് പ്രസംഗവും അല്ലെന്ന് അറിയാം. ക്ഷമിക്കണം നന്ദി നിങ്ങൾ നല്ല ക്ലാസ്സ് ലീഡറെ തിരഞ്ഞെടുത്തതിനാണ്...

**സിദ്ധാർത്ഥ് എം**

# തെറ്റിദ്ധാരണ

കഴിഞ്ഞു പോയ ഇന്നലെകളെയോർത്ത്
ആകുലപ്പെട്ടവരൊക്കെ എഴുന്നേറ്റ്  കഴിഞ്ഞു.


നീ ഇപ്പോഴും അതേ കിടപ്പിൽ വ്യർത്ഥമാണതെന്ന ഉത്തമ ബോധ്യത്താൽ
നിന്നെ കുറിച്ചോർത്ത് കരഞ്ഞവരൊക്കെ മടങ്ങി കഴിഞ്ഞു. അവരെ
കൂടാതെ നിന്നെ  സമാധാനിപ്പാക്കാൻ തന്നെ കൊണ്ട് കഴിയുമെന്ന് വീരവാദം
മുഴക്കിയവരൊക്കെ പത്തി താഴ്ത്തി.

ഞാനവരോട് അക്കാര്യം പലയാവർത്തി ഉറക്കെ വിളിച്ചു, പറഞ്ഞതാണ്
അവരൊന്നും എന്റെ വാക്കുകൾക്ക് ചെവി കൊടുത്തില്ല.

അത് ഇന്നോ ഇന്നലെയോ ഉള്ളതല്ലല്ലോ.... നൂറ്റാണ്ടുകൾ മുമ്പുള്ള
ശീലമത്രേ.....

ശവകുടീരത്തിൽ നിന്ന് ഉയർത്തെഴുന്നേൽക്കുമെന്നവരെ ആരോ
തെറ്റിദ്ധരിപ്പിച്ചിരിക്കുന്നു.

അമേഘ.വിജയൻ



# ഭയം

ഞാനേറ്റവും ഭയക്കുന്നത് മനുഷ്യരെയാണ്!

'മനുഷ്യരെ ഭയക്കുന്നതെന്തിന്?അയാളെന്നോട് മുടന്തൻ ന്യായങ്ങൾ പറഞ്ഞ്
പലയാവർത്തി കലഹിക്കാനൊരുങ്ങി.

മനുഷ്യ ശരീരം തിന്നുന്ന നരഭോജികളെയല്ല.
ജീവനോടെ മനുഷ്യ മനസ്സിനെ കുഴിച്ചുമൂടുന്നവരെ യാണ് എനിക്ക് ഭയമെന്ന്
ഞാനയാളോട് സമർത്ഥിച്ചു...
പിന്നീടയാൾ ഒന്നും പറഞ്ഞില്ല.
അയാളുടെ ഉള്ളിൽ നിന്ന് അനുഭവങ്ങൾ തികട്ടി വന്നിരിക്കണം....

പിന്നീടയാൾ ഒന്നും മിണ്ടിയില്ല.
മരവിച്ച മനസ്സുമായി നമ്മൾ  നടന്നുനീങ്ങി.....

അമേഘ.വിജയൻ



അധികാരം അവനെ കഥകളിൽ
നിന്ന് മായ്ച്ചു,
പുസ്തകത്തിന്റെ അവസാന
പേജുപോലെ കീറി കളഞ്ഞു.
പേര് മറന്ന നഗരത്തിന്റെ
നാവിൽ
അവൻ 'ഒരു മുന്നറിയിപ്പ്' മാത്രം,
പക്ഷേ വഴിയുടെ ഹൃദയം
അവന്റെ ചോദ്യങ്ങൾ
ഏറ്റെടുത്തു.

# അച്ഛൻ

സൂര്യനൊപ്പം ഉണർന്ന്
സൂര്യനായി ജ്വലിച്ച്
ചുറ്റുമുള്ളോർക്ക് പ്രകാശമായി
അന്നമായി കരുത്തായി
സൂര്യനൊപ്പം
വീടണഞ്ഞവൻ

ഹിസാന കെ



# THE REFEREE

The game begins, and all eyes turn to the referee. He isn't dressed like the others — no team colours, no emblems, just black and white. His job is simple, they say: to ensure the game remains fair. But as the whistle blows, the players already suspect bias. Every decision is cheered by one side and cursed by the other. The referee, it seems, can never be truly neutral in a field that thrives on loyalty.

He studies the game carefully. One team argues that he is blind to injustice; the other accuses him of overstepping his bounds. They forget that his duty is not to win or lose, but to preserve the rules — the democratic spirit of the game itself. Yet the crowd doesn't care for balance. They want passion, not fairness. They want a champion, not a judge.

Between tackles and tempers, the referee begins to feel the weight of isolation. Each blow of the whistle is an invitation for ridicule. Each pause for thought is seen as hesitation, or worse — cowardice. The word "impartial" has somehow turned into an insult. In a match where every colour demands allegiance, black and white becomes the most dangerous uniform of all.

The crowd grows restless. Commentators whisper that the referee must secretly favour one side; after all, who could resist choosing a team? When he penalizes a foul, they call it censorship. When he lets the game flow, they call it neglect. The scoreboard reflects not just goals, but grudges. The pitch, once a place of play, becomes a battleground of belief.

Still, the referee holds his ground. He knows that the game without rules is no game at all — it's chaos disguised as freedom. He may stumble, misjudge, even falter, but his loyalty remains to the whistle, not the crowd. His fairness is quiet, his power invisible. And yet, his silence is what keeps the field alive.

When the final whistle echoes through the stadium, the noise doesn't fade. The arguments continue, the players glare, and the crowd still asks, "Whose side was he on?" The referee walks away without answering, his uniform marked by dust and doubt.

After all, this isn't about referees.

- **M P Shibin Janardhanan**
*English*

# CHRISTMAS PRESENT

I wiped the glass on the window to get a better view outside. The snow had covered the lawn and the roads were blocked in some places. Winter is going to be at its peak by Christmas, I thought to myself.

I heard some children at the house opposite, decorating their home with lights and other knickknacks. Their laughter filled my ears and brought back many of my childhood memories. I remembered being happiest as a child. It felt like a festival when we arranged the Christmas tree, decorated the house with fairy lights, or baked cakes...

I held the cup of coffee in a tight grip, unaffected by the heat it emitted. I jogged out of my memory and the smile on my face faded.
“Hey honey! I'm leaving now. I have a meeting at 8:00. You know the traffic! So we’ll have breakfast together tomorrow. That’s a promise...” He smiled and hurried towards the door with his car keys, not even waiting for my response.
He suddenly returned to the hall and said, “You know how some roads get blocked by night, so please don’t wait up for me. After work, I have to meet someone. I’ll text you later... Bye.”

He dashed outside. He didn’t even stop to give me a goodbye kiss. Not that he used to... No, he used to. But I can’t remember the last time he held me lovingly or kissed me... Strange, isn’t it? No, maybe not.

It’s been a while since I’ve thought about being separated. Life just doesn’t go the way we want. He’s living his life. But what about me? I have no one to talk to until he comes back. I don’t have many friends. He knows that too.
Because... he’s one of the only four friends I’ve ever had. That’s just how I am. I can’t build new relationships. I can’t bear how people judge me.

I went to the window and looked outside, hoping to see Mrs. Henderson. I’ve always found her to be a charming woman, with a beautiful smile always plastered across her face. Her vibrant aura has always attracted me. Her smile spreads across my face, too. But I never had the courage to speak to her. I admire her social skills. She has four lovely kids and a loving husband. At times, I envy her. I’ve always wanted someone to call my own—someone I know very well. That’s how Reynold (Rey) came into my life. He knew me well, and I knew him from kindergarten. He never seemed to mind my poor social skills or silent personality—or so I thought.

But for the past few months, I’ve noticed a pattern in him. One I couldn’t dare ask about, nor ignore. He used to talk a lot with me. We were happy together. He’d take me to parties, even though I’m not great socially, just so I wouldn’t be alone at home. At those parties, he stayed by my side, talking, teasing, and making me feel comfortable. I loved that. He never let me feel lonely.

But recently, he hardly speaks to me. He finds excuses to stay with friends, unaffected by my loneliness. He comes back, apologizes, and everything goes back to normal—because I never argue with him. But I know he’s not loyal anymore.

Four days ago, I received a courier in my name. I wondered who would send something to me—an invisible person who never even steps out of the house by accident. I was curious, and honestly, a little happy. It was the first time I'd ever received a courier.
It contained a small pen drive and a letter. The letter read only two words: 'Christmas Present.' The delivery came early; there's still a week to go, I thought. I convinced myself it was a surprise from Rey—maybe he'd been planning something all along.
With an eager heart and a smile on my face, I plugged the pen drive into my laptop. There was one video in a folder.

I played it.

My smile faded. My heart stopped. My face drained of color.
It was a CCTV recording. I saw him being intimate with his co-worker at his office..
Tears rolled down my cheeks. So this is why he's been acting differently. But why me? He knew me so well... I knew him so well... Well ... Did I?
That's when I decided—this year, I would give him a Christmas present. One he'd never forget.

It's Christmas morning. As usual, he stayed at a friend's place after a party. Oh, Come on! On Christmas Eve? Okay. No problem. I've dealt with this before.
The doorbell rang as I was preparing breakfast—the one we were supposed to have together. He came in sober, at least. He hugged me and said, "Merry Christmas!" I plastered a smile on my face.

"Go get ready! I've prepared breakfast. And I have a surprise for you... You won't imagine." He looked at me, half smiling, half curious. I usually don't surprise him—it's always the other way around and some even gave me shock, for the record!
He freshened up, and I set the table. He sat across from me and took a fork to eat the pancakes I made. I let him eat first. I'll reveal the surprise after this last feast made by me.

"Okay, cut to the chase—what's the big surprise?" He's nervous. I can sense it. Why? I don't know. But strangely, I'm enjoying it.

"So here's the big surprise." I showed him the pregnancy test kit—it showed positive.
"What? Is this true?" He was shocked, as I expected. Not the surprise he thought he'd get. I could sense his relief.

"Yes, it is." But he couldn't smile. Guilt was setting in.
He hugged me tightly. A tear escaped my eye.

"That's not the only Christmas gift," I said. "I saved the best for last." I handed him a piece of paper.

His face lit up in surprise. He looked at it—then at me.

"Divorce notice?"
I nodded. "You gave me the best Christmas gift ever... and I'm repaying you the same. No need for explanations. Let's not make this worse."

That's what I wanted—to see him happy and then take that happiness away. To make him feel the sorrow I've carried.

I looked into his eyes. He couldn't meet mine. He bowed his head and whispered, "I'm sorry."

I nodded, picked up the car keys, and walked out of the house...
With something to finally call as my own.

- **Shireen Ubaid**



# പ്രിയപ്പെട്ടവൾ

ഈ അർദ്ധരാത്രിയിലെ ഏകാന്തത അവളിലേക്കെന്നെ
കൂടുതൽ അടുപ്പിക്കുന്നു

അവളെ കുറിച്ചുള്ള ഓർമ്മകൾ, കണ്ണുനീരാൽ എൻ
കവിൾത്തടം തലോടുന്നു ...

അവളില്ലാത്ത ഒരു ദിനം വരുമെന്ന് ഞാൻ ആലോചിച്ചതു
കൂടിയില്ല....

ദിവസങ്ങൾ ഇഴഞ്ഞു നീങ്ങുന്നത് അവൾ ഇല്ലാത്തത്
കൊണ്ടാവാം, അവളുണ്ടായിരുന്നെങ്കിൽ ദിവസങ്ങൾ
മിനിറ്റുകൾ പോലെ കടന്നുപോയേനെ,..

അവൾ എന്തിനാണ് എന്നെ തനിച്ചാക്കി പോയത്...?
എന്നോട് ഒരിക്കൽ പോലും പിണങ്ങാത്ത അവൾ,

എന്നെ ഒരു നിമിഷം പോലും തനിച്ചാക്കാത്ത അവൾ,
എന്റെ കണ്ണിൽ നിന്ന് ഒരിറ്റ് കണ്ണീർ പോലും ഇറ്റി വീഴാൻ
അനുവദിക്കാത്തവൾ.....

ഈ ഇരുട്ടിന്റെ മറവിൽ, അർധ രാത്രിയിൽ... അവളെ
കുറിച്ചുള്ള ഓർമകൾ എന്തേ, എന്നെ കരയിക്കുന്നത്,
എന്റെ മിഴികളെ ഈറനണിയിക്കുന്നത്.......!

അവളെ ഒന്ന് കാണാൻ പോലും കഴിയില്ലെന്നറിഞ്ഞിട്ടും,
ഞാൻ എന്തിന് കാണാൻ കൊതിക്കുന്നു....

അവൾ ഇല്ലാതെ ഞാൻ ഈ ലോകത്ത് ഒറ്റപ്പെട്ടന്ന
റിഞ്ഞിട്ടും, ആരൊക്കെയോ കൂടെയുണ്ടെന്ന് ഞാൻ
വിശ്വസിക്കുന്നു...

ഇനിയെത്ര നാൾ അവൾ ഇല്ലാത്ത ഈ ലോകത്തു
ഞാൻ കഴിഞ്ഞു കൂടും...

അവളെക്കാൾ എന്നെ സ്നേഹിക്കാൻ മറ്റൊരാൾക്ക്
കഴിഞ്ഞെങ്കിൽ....

ഈ ലോകം എനിക്കെത്ര സുന്ദരമായേനെ
ആരും അവൾക്ക് പകരമാവില്ല എങ്കിലും

ഇക്കിലിമത്ത് സെകിയ



# പ്രകൃതീ മനോഹരീ

നിദ്രമറന്നിതാ വീണ്ടുമൊരു പുലർക്കാലം
സൂര്യരശ്മികളുടെ കളിയാട്ടം
ഇത്തിരിവെട്ടമത് പത്തിരട്ടിയായ്
കിഴക്കുദിച്ചു ചക്രവർത്തി
കുങ്കുമവർണ്ണചുകപ്പിൽ വാനോളം പരന്ന്
പ്രകൃതിദേവിക്കനുഗ്രഹമായ് സൂര്യഭഗവാൻ
കുളിർമ്മയായ് കുയിലുകൾ പാടി
ഞാനറിഞ്ഞു ആ സംഗീത മാധുര്യം
പുൽനാമ്പിലെ മഞ്ഞുകണം
വെട്ടിത്തിളങ്ങി സൗരഭ്യമായ്
വിരുന്നുതിന്നാനായെത്തി
തേൻകൊതിക്കും പൂമ്പാറ്റകൾ
തഴുകുന്ന കുഞ്ഞിളംകാറ്റിൽ
പ്രകൃതിക്കായ് സുഗന്ധവിരുന്നൊരുക്കി
തഴുകുന്ന കുഞ്ഞിളംകാറ്റിൽ
വർണങ്ങളേകും പുഷ്പങ്ങൾ
തലയാട്ടിനിന്നു വന്മരങ്ങൾ
ഒരു ചിത്രമായ് ഈ രമണീയം
മായുമോ ഇനി എന്തെങ്കിലും
പ്രകൃതിമാതാവിനായ് സോദരേ,
കൈകോർത്തുപാടാം നമ്മുക്കെന്നും

**സ്നേഹ ഇ കെ**
*Mathematics*



# കൂന്

പൊരിവെയിലിൽ ഒരണക്കായെങ്കിലും നീട്ടിയ
ഉണങ്ങിവരണ്ട എന്റെകൈകളിൽ ലക്ഷംരൂപയുടെകനം..
ആർഭാടലോകത്തിലെ സുഖസുന്ദരലയനം..
കിംവദന്തിയുടെഇടിമുഴക്കം നുണയുടെമിന്നൽപിണർ
ദ്വാരംനിറഞ്ഞമർന്ന കാലൻകുടയ്ക്ക്
സത്യവതിയുടെവ്യാജഗന്ധം...
വീണ്ടും ഞാനാമൺതെരുവിലേക്ക്....
ഒരണക്കായ്യെമ്പിയ എന്റെപൊള്ളിയകൈവെള്ളയിൽ
അതേചൂടിന്റെ നേർത്തനനവ്
സഹനത്തിന്റെമുഖത്ത് ഇന്നലെയുടെപ്രതീക്ഷ
അമ്പത്പൈസാലോഹത്തിന്റെ
നനുത്തഭാരത്തിൽ തലകുനിച്ചുവീണ്ടും..
സ്നേഹത്തിന്റെയാചനയിൽ ഭിക്ഷാടകനായ്...

അനുപ്രിയ



# Palakkad: A Microcosm of India's Composite Cultural Heritage

**Merlina J B**

**Social science**

Palakkad, a district in Kerala, stands as a striking example of composite culture and multilingual heritage in South India. Its unique geography, shaped by the Palakkad Gap in the Western Ghats, has historically facilitated migration, trade, and cultural exchange. Over centuries, diverse communities such as Brahmins, Moothans, Chetties, Rawthers, Pattanis, Arya Vaishyas, and Jains settled in Palakkad, contributing to its multicultural environment. This paper examines the historical, social, and cultural factors that shaped Palakkad's identity as a bilingual and bicultural region, highlighting the coexistence of linguistic diversity, religious pluralism, and economic interdependence. By analysing the intermingling of Tamil and Malayalam traditions and the influence of migrant groups on local society, the study underscores Palakkad as a microcosm of India's larger cultural mosaic.

The Palakkad Gap, the lowest pass through the Western Ghats, has long functioned as a natural gateway of communication and contact. This geographical opening enabled people from other parts of South India to move into Kerala with ease, fostering the settlement of groups in search of commercial opportunities and military ventures. Over time, these groups established permanent roots in Palakkad, resulting in a conglomeration of communities that shaped the historical, social, and cultural fabric of the region. Their contributions enriched trade and agriculture while creating a bilingual and bicultural environment that distinguishes Palakkad even today.

Composite culture, as reflected in Palakkad, represents the blending of linguistic, religious, and ethnic traditions into a shared social framework. Rather than being dominated by one cultural stream, this synthesis demonstrates mutual exchange and accommodation, visible in practices such as food habits, festivals, rituals, and art forms. Palakkad, situated along the Kerala–Tamil Nadu border, embodies this phenomenon in a unique way, blending the traditions of both states into a harmonious cultural landscape. Its very name carries traces of Tamil linguistic influence, derived from pala (the Astonia scholaris tree) and kadu (forest), while another interpretation links it to Palai nilam, meaning "dry lands." The Palakkad Gap itself not only facilitated the entry of communities but also channelled monsoon winds, enhancing agricultural productivity and shaping the agrarian economy of the region.

The gap served as a crucial corridor for traders and religious groups from ancient times. Arab, Jewish, and Christian traders used this route, followed later by Buddhist, Jain, and Hindu sects who flourished along the banks of the Bharathapuzha. Gradually, Dravidian communities such as the Nairs, Ezhavas, and Vellalas established themselves in the area, forming a heterogeneous society. Palakkad town, located between the Kalpathy and Kundi rivers, emerged as a hub of commerce and cultural activity, drawing diverse groups such as Brahmins, Moothans, Chetties, Rawthers, Pattanis, Arya Vaishyas, Andis, and Vadugas. Their settlements in places like Jainimedu, Pattani Street, Kalpathy, Moothanthara, Pudupallitheru, and Chakkanthara demonstrate the layered social diversity of the town.

Among the earliest settlers were the Jains, whose temple at Jainimedu testifies to their presence. The Tamil Brahmins, known as Palakkad Iyers, formed another significant group, residing in Agraharam such as Kalpathy Street. These settlements became cultural landmarks, with the Kalpathy Ratholsavam festival standing out as a unifying event that integrated Tamil and Kerala traditions. Their cultural identity reflected a synthesis of Tamil and Malayali practices, preserved in food, dress, and religious rituals. The Moothans, money changers who migrated from Choladesa, brought commercial expertise and established themselves in Moothanthara, enriching the economy through markets like Valiyangadi. The Chetties, multilingual traders from Andhra, Karnataka, and Tamil Nadu, further expanded the mercantile character of Palakkad, settling in areas such as Chettiyangadi Theru and shaping urban trade practices.

Arya Vaishyas, concentrated around Sultanpet and the Ganapathy Temple, added another mercantile dimension to the town's economy, while the Rawthers—horsemen linked to Hyder Ali and Tipu Sultan—transitioned into trade, leaving behind enduring culinary traditions such as the Rawther biriyani of Puthunagaram. The Pattanis, Muslim traders and soldiers associated with Tipu Sultan, settled in Pattani Theru and Diara Street, introducing Urdu linguistic traditions alongside commerce. Their presence, like that of other migrant groups, reinforced the hybrid cultural identity of Palakkad.

The linguistic diversity of Palakkad illustrates this hybridity. While Malayalam is the official language, Tamil holds a central place in everyday life, shaping rituals, literature, and social practices. Tamil Brahmins, Rawthers, Mappilas, and Latin Catholics often used Tamil in domestic and religious contexts, while Telugu and Urdu speakers represented smaller but influential groups. This multilingualism encouraged cultural cross-pollination, giving Palakkad a hybrid identity distinct from other regions of Kerala. Festivals, worship practices, and artistic contributions introduced by immigrant groups were embraced by the wider community, creating a shared cultural life that emphasized coexistence and tolerance. Events such as the Kalpathy Ratholsavam, the spread of music and crafts, and the adaptation of religious traditions demonstrated how diversity could enrich rather than divide.

The composite culture of Palakkad is the outcome of centuries of migration, trade, and cultural negotiation facilitated by geography. The district represents not only a blending of Tamil and Kerala traditions but also the cumulative contributions of Jains, Brahmins, Moothans, Chetties, Rawthers, Pattanis, and Arya Vaishyas. Their integration into local society fostered a bilingual and bicultural environment that continues to characterize Palakkad's identity. The region exemplifies how diversity, when mediated through tolerance and shared participation, becomes a source of harmony and prosperity. In this sense, Palakkad serves as a microcosm of India's broader cultural mosaic, demonstrating the enduring value of coexistence and cultural synthesis in shaping regional and national identities.

# തുപ്പലുപൊട്ടി

തുപ്പലുപൊട്ടിക്കായ മടിക്കുത്തില് നിറയ്ക്കുമ്പോ

' ഡും... ഡും.. മാലാഖയുടെ '

ഒച്ചകേട്ട് കിങ്ങിണീച്ച കാലിത്തൊഴുത്ത് വഴി മുന്നിലേക്കോടി. ആരും കാണുന്നില്ലെന്ന് ഒളിഞ്ഞും പാത്തും നോക്കിയും ഇറുമ്പുകടി സഹിച്ചും തിണ്ണയോരത്ത് പതുങ്ങി നിന്നു

' കൂട്ടത്തിൽ കൂട്ടാത്ത
ചേലിക്ക്
കൂട്ടത്തിനുള്ളിലൊരു
പഞ്ചാര '

എന്ന കാർക്കശ്ശി മുത്തശ്ശിയുടെ പാട്ട് മൂളി കുറച്ചു നേരമവിടെയിരുന്നു കണ്ണിൽ നിന്നും കുട്ടികളകന്നകന്നു പോവുന്നതും അവരൊരു മങ്ങിയ വെളിച്ചമായി പതിയെ പതിയെ തേനീച്ച ചെറകുകളായി രൂപാന്തരം പ്രാപിക്കുകയും ചെയ്യുന്നത് അവളറിഞ്ഞു.
അവളൂഞ്ഞാലാടുന്നു
മാനത്ത് അമ്മയിരിപ്പുണ്ടോ...?
പാല പൂത്ത മരത്തിന്റെ ചോട്ടില് അമ്മയെ കാത്തിരുന്ന് കാണാതെ കിടന്നുറങ്ങുന്ന കിങ്ങിണീച്ച നാടിന് മൊത്തമൊരു പേടി സ്വപ്നമാണ്.

അമ്മയെ കാണാതാവുമ്പോ കാത്തു കാത്തിരിക്കും മുത്തശ്ശി പറയണമാരി വിരലില്ലെണ്ണിയിരിക്കണം

'മോതിരവിരലെണ്ണുമ്പോൾ അമ്മ വരും'

എണ്ണലുകളിങ്ങനെ എണ്ണമില്ലാതെ നീങ്ങും പലപ്പൂവിന്റെ ഗന്ധത്തിനു പുറമെ കാടെരിയുന്ന പ്ലാസ്റ്റിക്ക് മണം പരക്കും അപ്പോഴാണ് എനിക്ക് തല കറങ്ങുന്നത് ആരും അത് വിശ്വസിച്ചില്ല മുത്തശ്ശി മാത്രം വിശ്വസിച്ചു കൂടെയില്ലാത്തവരുടെ കൂട്ടങ്ങൾ വിശ്വസിക്കും.
പിന്നെയെപ്പോഴോ ലക്ഷ്മിക്കുട്ടിയെ പരിചയപ്പെട്ടു നീണ്ട മൂക്കുള്ള, വിടർന്ന കണ്ണുകളുള്ള നക്ഷത്ര മൂക്കുത്തി.
പരൽ മീൻ പിടിക്കുമ്പോഴാണ് അവളാദ്യമായി എന്നെ കെട്ടിപ്പിടിച്ച് ഉമ്മ തന്നത്

' കാണാതിരിക്കുന്നതാണ് നല്ലത് '

അംബികാമ്മ മുടിക്ക് പിടിച്ചുന്തുമ്പോ ദിനവും പിടിക്കുന്ന പരൽമീനുകളെ ചേമ്പില വെള്ളത്തിലിടുന്ന പോലെ അവളുടെ കൃഷ്ണ മണികൾ പിടച്ചു
നീളം കൂടിയ കാല് പതിയെ മുന്നിലേക്ക് എടുത്തു വച്ച് മുറിവ് നോക്കി വലിയ വേദനകൾക്ക് പിന്നിലെ ചെറിയ ചിരികളെ കാത്ത് കാത്തിരുന്നു. പിന്നീടൊരിക്കെ നല്ല മഴേ ല് കനാലില് വെള്ളം കേറി അത് പതിയെ
വാഴത്തോപ്പുകൾ കടന്ന്
ജാതിക്കാമരങ്ങൾ കടന്ന്
ആമ്പൽ കുളം നെറച്ച്
നട വഴികളിലൂടെ വലിയ തേങ്ങകളെ കൊണ്ടൊഴുകി മുട്ടിനു മീതെ പാവാട ഉടുത്തു കേറ്റി കാല് വലിച്ച് നടക്കുമ്പോൾ കാലിലെ മുറി കണ്ട് കാച്ചേര ചോദിച്ചു

' ലക്ഷ്മിക്കുട്ട്യേ ഉമ്മ വച്ച വടുവല്ലേ... ഞാനും തരട്ടെ ഒന്ന് '

വാക്കുകൾ കുത്തി കുത്തി നോവിക്കുന്നതിന്റെ രസം അന്നുതൊട്ട് ഞാനറിഞ്ഞു തുടങ്ങി.
കുട്ടികൾ 'ഡും... ഡും... മാലാഖ' കളിക്കും
'കോഴിയും കുറക്കനും' കളിക്കും അപ്പോഴൊക്കെ തുപ്പലു പൊട്ടിക്കായ പറിച്ച് ഞാനിങ്ങനെ....
തുപ്പല് പൊട്ടിക്കായ ഇനി കാണാന്ണ്ടാവില്ല അതിന്റെ വെളുത്ത പൂവും ഇനി കാണില്ല
ഇതിന്റെ കായ പറിച്ച് വെള്ളം നനച്ച് ആര്ടേലും തലേല് ഇട്ട് പൊട്ടിക്കണം. ആദ്യം കച്ചേരേടെ പിന്നെ... പിന്നെകൾ നീളുന്നു അവരെന്തേലും പറയോരിക്കും

' അയിന് നിങ്ങള് പോയി
പണി നോക്കിൻ '

എന്ന് പറയണം തേറ്റ മണ്ണി ലമരുന്ന പോലെ പതിയെ പതിയെ തിരിച്ചു പിടിച്ചു തുടങ്ങണം
ഇല്ലെങ്കിലെങ്ങനെയാണ് കിങ്ങിണീച്ചകളുണ്ടാവുന്നത്

സുകന്യ. എസ്
മലയാളം



# "ഭാവന" മെഡിക്കൽസ്

വാങ്ങിയ കവർ സീറ്റിനടിയിൽ വച്ച് ടൗണിലെ തിരക്കുള്ള ആ മെഡിക്കൽ ഷോപ്പിൽ നിന്നും സ്കൂട്ടർ പതിയെ പിറകോട്ട് തള്ളിനീക്കി. "ഇതെന്താ ഈ നാട്ടിൽ ഇവിടെ മാത്രമേ മെഡിക്കൽസ് ഉള്ളോ"? അത്രയും തിരക്കാണ്. "നാട്ടുകാരെല്ലാം ഇവിടെന്നാണോ മരുന്നു വാങ്ങിക്കുന്നേ.... ഒരുപക്ഷേ 'ഭാവന' മെഡിക്കൽസ് ഇവിടെ മാത്രമായിരിക്കണം" ! ഈ തിരക്കിൽ എങ്ങനെ വണ്ടിയെടുത്തു വീട്ടിലെത്തും എന്നതാണ് ഇതിനേക്കാൾ കുഴപ്പിക്കുന്ന ചോദ്യം.

"കാർ ആയിരുന്നെങ്കിൽ ബുദ്ധിമുട്ടായേനെ".

എല്ലാത്തരത്തിലും കാർ ബുദ്ധിമുട്ടാണ്. പെട്രോൾ വിലയും ഈ തിരക്കും കാണുമ്പോൾ ഇല്ലാത്ത ആ കാർ ഉണ്ടായിരുന്നെങ്കിൽ ബുദ്ധിമുട്ടായേനെ എന്നും, ആ ബുദ്ധിമുട്ട് ഇല്ലല്ലോ എന്ന് ഓർത്ത് ഞാൻ സന്തോഷിക്കാറുണ്ട്.

"ഹഹഹ ചിലപ്പോഴൊക്കെ ഞാൻ വലിയ തമാശക്കാരനാണ്"!

അങ്ങനെ പുതിയ റോഡിലെ തിരക്കിൽ നിന്ന് കുഴികളിൽ വീഴാതെ പതിയെ വിട്ടുമാറുമ്പോഴാണ് റോങ്ങ് സൈഡിൽ ചിലരുടെ വരവ്. കൂടുതൽ ടാക്സ് അടക്കുന്നവർക്കാണ് റോഡിൽ കൂടുതൽ അവകാശം എന്നാണ് ചിലരുടെ വിചാരം. പിന്നിൽ നിന്നും പാഞ്ഞുവരുന്ന ആംബുലൻസ് ഈ തിരക്കും കടന്ന് എങ്ങനെ പോകും എന്ന ചിന്തയും എന്നെ അലട്ടി. അതിനിടയിൽ എങ്ങുനിന്നോ ഒരു പോലീസ് ജീപ്പ് ഇൻഡിക്കേറ്റർ പോലുമില്ലാതെ എൻറെ മുന്നിലേക്ക് പാഞ്ഞു കയറി. അതിൽ ഇടിച്ച് ഞാൻ താഴെ വീണേനെ. പക്ഷേ കുഴികളെ പേടിച്ച് പതുക്കെ പോയത് എന്തായാലും നന്നായി. അതുകൊണ്ട് രക്ഷപ്പെട്ടു. നാട്ടിൻപുറത്തെ കോടുന്ന മണ്ണെണ്ണ കലർത്തിയ ഡീസൽ ഒഴിച്ച ആ ബസ് കർക്കടകത്തിൽ പോലും കാണാൻ പറ്റാത്ത ഒരു വലിയ കാർമേഘം തുപ്പി. അതിനിടയിലൂടെ ഞാൻ പിന്നെയും ഒഴുകി . "അല്ലെങ്കിലും കർക്കിടകത്തിൽ ഇപ്പോൾ എവിടെയാണ് കാർമേഘം !" ഒരല്പനേരം കൂടി പുകയിൽ പെട്ടിരുന്നെങ്കിൽ ഞാൻ ശ്വാസംമുട്ടി ചത്തേനെ. ഒന്ന് ദൈവത്തെ വിളിച്ച് ആശ്വസിക്കാം എന്നോർത്താൽ... ഞാനൊരു നിരീശ്വരവാദിയായിപ്പോയി ! ച്ഛെ... ഒരു യുക്തിവാദി ആയാൽ മതിയായിരുന്നു!. ഉരുണ്ടുരുണ്ട് വില്ലേജ് ഓഫീസിനു മുന്നിലൂടെ പോയപ്പോഴാണ് ഈയിടെ കൈക്കൂലി കേസിൽ അകത്തായ വില്ലേജ് ഓഫീസറെ ഓർമ്മ വന്നത്.

"വേഗം വീട്ടിലെത്തണം ഉച്ചയ്ക്കുള്ള ഗുളിക കഴിച്ചിട്ടില്ല". ആക്സിലറേറ്ററിനെ നന്നായി ഒന്നു തിരുമ്മി. ഇനിയങ്ങോട്ട് നല്ല റോഡ് ആണ്

"എവിടെയെങ്കിലും നിങ്ങൾ ഞാനായി മാറുന്നുണ്ടോ ! ?".

വീടെത്തി. നേരെ ഓടിയത് അടുക്കളയിലേക്കാണ്. അര ഗ്ലാസ് വെള്ളം എടുത്ത് ഗുളിക വിഴുങ്ങാൻ റെഡിയായി. ആൻറി ഡിപ്രെസന്റ് ആണ്. ഇത് വാങ്ങാൻ പോയി വന്ന വഴിക്ക് ഉണ്ടായ വിഷാദ ചിന്തകൾക്ക് ആരു മരുന്നുതരും! ഇത് ഓർത്തു ഞാൻ ചിരിച്ചു. ഇപ്പോൾ അൽപ്പം ആശ്വാസമുണ്ട്. ഇതിനെ പിടിച്ച് കഥയുമാക്കി. പക്ഷേ ഇത് ഞാൻ എഴുതിയ കഥയാണ്. ഈ കഥയിൽ റോഡിലെ അറ്റകുറ്റപ്പണികൾക്കായി കൊണ്ടിട്ട ജല്ലിയും മറ്റും കാണാൻ ആവില്ല. ആംബുലൻസിന് വഴിയൊരുക്കാൻ എങ്ങുനിന്നോ പാഞ്ഞു വന്ന ആ പോലീസ് ജീപ്പിനെയും കാണില്ല, അതേ ആംബുലൻസിന് വഴി നൽകാൻ റോങ് സൈഡ് കയറിയ വലിയ കാറുകാരനെയും നിങ്ങൾ കാണില്ല. നല്ലവനായ വില്ലേജ് ഓഫീസറെ കരുതിക്കൂട്ടി കുടുക്കിയ കള്ളക്കഥയുടെ സത്യവും കാണില്ല, ലാഭം ഒന്നുമില്ലെങ്കിലും നാട്ടിൻപുറത്തെ കുറച്ചു നന്മകൾക്ക് വേണ്ടി ഓടുന്ന ഒരു പഴയ ബസ്സും ഇതിൽ കാണില്ല. ഈ സത്യങ്ങളെല്ലാം വിളിച്ചുപറയുന്ന ആ പത്രം എൻറെ വീട്ടിൽ വരുത്താറില്ലായിരുന്നു. ആ ചാനൽ ഞാൻ കാണാറുമില്ലായിരുന്നു. അയ്യോ ! പറഞ്ഞു പറഞ്ഞു കാടുകയറി. ഇനി അല്പം കഥകയറാം. എന്തോ ഓർത്ത് ഞാൻ ചിരിച്ചടുത്തല്ലേ നമ്മൾ നിർത്തിയത്. ഹാ....അങ്ങനെ ഞാനൊരു കഥ എഴുതി. നിങ്ങൾക്ക് ഒരിക്കലും ഒരു കഥയെഴുതാൻ കഴിയാതിരിക്കട്ടെ! എന്നിട്ട് എന്നെങ്കിലും ഞാൻ നിങ്ങളായി മാറട്ടെ!

ഭാവന മെഡിക്കൽസ് നഷ്ടത്തിൽ ആവട്ടെ.

സിദ്ധാർത്ഥ് എം

# ഒടുക്കം

ഉപ്പിലിട്ടു വച്ച കണ്ണുകൾ
ദിവസങ്ങൾക്ക് മുമ്പേ ആരോ വരിഞ്ഞു മുറുക്കിയ തൊണ്ടയുമായി ഏറ്റ് മുട്ടി .
ഒടുക്കം കണ്ണുകൾ പെയ്തു .
ദണ്ഡി യാത്രയ്ക്ക് ഇടയിൽ
അവളുടെ മുഖം ഉപ്പ് കുറുക്കി .
കണ്ണുകൾ ചീഞ്ഞളിഞ്ഞു
മൂക്കിൻ വാതിലുകൾ ആരോ കൊട്ടിയടച്ചു
അവളൊന്നാഞ്ഞു വലിച്ചു
ഇല്ല .....
ഒന്നുകൂടെ ....
ഇല്ല ...
അന്ത്യയാത്രയ്ക്ക്  അടുത്തിരിക്കുന്നു
ഉപ്പിലിട്ട കണ്ണുകൾ മേൽപ്പോട്ട് കുതിച്ചു പാഞ്ഞു
മൂക്കിന്റെ വാതിലുകൾ തുറക്കാൻ ശ്രമിച്ചു പരാജയപ്പെട്ടോടുക്കം
കണ്ണുകളുമടഞ്ഞു....
പുറത്തു നിന്നാരേയും
കൈ എത്തിക്കാതെ സ്വയമടഞ്ഞു

അർഷിദ എം



# സമ്മാനം

മിനിക്കുട്ടി കണ്ണാടിയിൽ ചാഞ്ഞും ചെരിഞ്ഞും നോക്കി. എത്ര തവണ പൊട്ടുകുത്തിയിട്ടും ശരിയാവുന്നില്ല. 'ഇനിയും കെട്ടിയൊരുങ്ങിയില്ലേ' അമ്മയുടെ സ്ഥിരം ശകാരം തുടങ്ങി. 'ചേച്ചി... ചേച്ചി...' ദിവ്യമോളുടെ ഉറക്കെയുള്ള വിളി.

ഞാനെന്തെങ്കിലും ചെയ്യുമ്പോഴായിരിക്കും അവളുടെ വിളി. ഓ... അവിടുന്ന് വിളിക്കട്ടെ. അച്ഛന്റെയും അമ്മയുടെയ ും പുന്നാരമോള്. അവള് കൊച്ചു കുഞ്ഞല്ലേ! നീ വല്യ കുട്ടിയല്ലേ.

അമ്മയ്ക്ക് എന്നും അങ്ങനെ ഓരോ ന്യായമുണ്ടാവും. 'ചേച്ചി ഇത് കണ്ടോ?' ദിവ്യ മനോഹരമായൊരു പെട്ടി മാറോട് ചേർത്ത് പിടിച്ചിരിക്കുന്നു. 'എന്താത്? ആരാ നിനക്കിത് തന്നത്?'

മിനിക്കുട്ടിക്ക് ആകാംഷ അടക്കാനായില്ല. എനിക്കിത് അച്ഛൻ വാങ്ങിച്ചു തന്ന സമ്മാനം. 'ഞാനൊന്ന് നോക്കട്ടെ'.

'വേണ്ട... വേണ്ട... ചേച്ചി ഇത് കാണണ്ട'. സ്കൂളിൽ പോകാൻ നോക്ക് ദിവ്യേ  അത് ഷെൽഫിൽ കൊണ്ടുപോയി വെയ്ക്ക്. അമ്മയുടെ വാക്കുകൾ കേട്ടയുടനെ ദിവ്യ അകത്തേക്കോടി.

സ്കൂൾ ബാഗുമായി ഇറങ്ങി. അമ്മേ ഞങ്ങളിറങ്ങുന്നു. വഴി നീളെ മിനിക്കുട്ടി ആലോചനയിലായിരുന്നു. ദിവ്യക്ക് എന്തിനായിരിക്കും അച്ഛന്റെ സമ്മാനം. അച്ഛൻ ഇന്നലെ പറഞ്ഞ കാര്യം മിനിക്കുട്ടിക്കോർമ്മ വന്നു.

എന്റെ മോൾക്ക് എൽ. എസ്. എസ്. കിട്ടിയതിന് ഒരു സമ്മാനമുണ്ട്. അച്ഛനും അമ്മയും മോളെ പുന്നാരിക്കുന്നത് കണ്ടാൽ തോന്നും ലോകത്തിൽ ആദ്യമായിട്ടാണ് ഒരാൾ പരീക്ഷ ജയിക്കുന്നതെന്ന്. ദിവ്യമോൾക്ക് എൽ. എസ്. എസ്. കിട്ടിയത് അറിയാൻ ഇനി നാട്ടിൽ ആരെങ്കിലും ബാക്കിയുണ്ടോ എന്നറിയില്ല. പത്രത്തിൽ ഫോട്ടോ വന്ന ദിവസമായിരുന്നു പുകില്. അതെടുത്ത് ആരെയെല്ലാം ഓടിക്കൊണ്ടുപോയി കാണിച്ചു. ആ പത്രം അമ്മ നിധിപോലെ എടുത്തുവെച്ചിട്ടുണ്ട്. എന്റെ തലയിൽ ചളിയാണത്രെ. ആരോടൊക്കെയോ, എന്തിനൊക്കെയോ ദേഷ്യം തോന്നി. മിനിക്കുട്ടിയുടെ മനസ്സ് ക്ലാസ്സിലായിരുന്നില്ല. വൈകുന്നേരം വീട്ടിലെത്തിയപ്പോൾ ആദ്യം തേടിയത് ആ സമ്മാനപ്പെട്ടിതന്നെയായിരുന്നു. പെട്ടിക്കുള്ളിൽ എന്താണ്?

അകത്തെ വാതിൽമെല്ലെ ചാരി ഷെൽഫിൽ നിന്ന് പെട്ടിയെടുത്തു. സമ്മാനപ്പെട്ടി മെല്ലെ തുറന്നു. സങ്കടവും സന്തോഷവും ഒന്നിച്ചിരമ്പിക്കയറി. അച്ഛനോട് പലവട്ടം വാങ്ങിച്ചുതരണമെന്ന് പറഞ്ഞ പാർക്കർ പേന. കൂട്ടുകാരി ഫാത്തിമയ്ക്കും ഹാജറക്കുമുള്ളതിനേക്കാൾ ഭംഗിയുള്ളത്. ഹായ്! എന്ത് ഭംഗി. പേനയെടുത്ത് മാറോട് ചേർത്ത് ഉമ്മവെയ്ക്കാൻ തോന്നി. മിനിക്കുട്ടിക്ക് സങ്കടം അടയ്ക്കാനാവുന്നില്ല. ആരുടെയോ കാൽപ്പെരുമാറ്റം. പെട്ടി ഭദ്രമായി വെച്ചു.

'മിനി മോളെ എഴുന്നേൽക്ക് എന്തൊരു ഉറക്കമായിത്. ഇന്ന് അമ്പലത്തിൽ പോകണ്ടേ. ദിവ്യ എപ്പോ എഴുന്നേറ്റു. ദിവ്യയുടെ കുളിയും കഴിഞ്ഞോ! മിനിക്കുട്ടി ആലോചിക്കുകയായിരുന്നു. ഇന്നെന്താ പതിവില്ലാത്തൊരു സ്നേഹസ്വരം.

'ഹാപ്പി ബർത്ത് ഡേ ചേച്ചി' ദിവ്യമോൾ മിനിക്കുട്ടിയെ കെട്ടിപ്പിടിച്ചു. മിനിക്കുട്ടി നാണിച്ചു പോയി. ഞാൻ ഓർത്തതേയില്ല. അമ്പലത്തിൽ തൊഴുതു പ്രാർത്ഥിച്ചു. ക്ലാസ്സിൽ ഒന്നാമതെത്തണെ.

ദൈവം കേട്ടുകാണുമോ... പിറന്നാൾ കേക്ക് ഒരുക്കി വെച്ചിരിക്കുന്നു. പലവർണ്ണങ്ങളിലുള്ള 12 മെഴുകുതിരികൾ കത്തിച്ചു. ഊതിക്കെടുത്തി. കേക്ക് മുറിച്ച് അച്ഛന് നൽകി. അച്ഛൻ പിറന്നാൾ ആശംസകൾ നേർന്നു മിനിക്കുട്ടിക്കത് നൽകി. ഹായ്..! മഞ്ഞുപോലെ അലിയുന്ന കേക്കിന്റെ മധുരം നുണഞ്ഞു.

'ദിവ്യ മോളേ...' അച്ഛൻ നീട്ടി വിളിച്ചു. മിനിക്കുട്ടിക്ക് പിറന്നാൾ സമ്മാനം! ദിവ്യ എടുത്തുകൊണ്ടുവന്ന പെട്ടി മിനിക്കുട്ടിയുടെ നേരെ അച്ഛൻ നീട്ടി.

അച്ഛന്റെ പിറന്നാൾ സമ്മാനം' എന്റെ ആദ്യത്തെ കൺമണിക്ക്... എന്റെ മോൾ ഏറെ കൊതിച്ച സമ്മാനം. നീ പറയാറുള്ള പാർക്കർ പേന. അച്ഛൻ മറന്ന് പോയെന്ന് കരുതിട്ടുണ്ടാവും അല്ലേ.

സമ്മാനപ്പെട്ടി കൈനീട്ടി വാങ്ങിയപ്പോൾ മിനിക്കുട്ടിക്ക് പിന്നെ നിയന്ത്രിക്കാനായില്ല. അവൾ അച്ഛനെകെട്ടിപ്പിടിച്ച് തേങ്ങി തേങ്ങി കരഞ്ഞു. മിനിക്കുട്ടിയുടെ കരച്ചിലിന്റെ പൊരുൾ അവൾക്ക് മാത്രമേ അറിയുമായിരുന്നുള്ളു.

**സ്നേഹ. ഇ. കെ,**
*Mathematics*



# മഴ

അന്നാ, രാത്രിതൻ നിശ്ചലതയിൽ
ഒരു നേർത്തനൂലായി ഇറ്റുവീണപ്പോൾ ;
കേട്ടിരുന്നൊരാ മഴതൻ പ്രണയരഹസ്യം
ഒരു മഴ പക്ഷിയായി ഞാൻ ആസ്വദിച്ചു.

ജനൽ പാളിതൻ നേരിയ വീഥിയിൽ
ഒരു മൂകസാക്ഷിയായി ഞാൻ നോക്കിനിൽക്കെ,
ഏറെ കാത്ത മണ്ണിൻ പുതുമണത്തെ ,
അവൾ തൻ സ്പർശത്താൽ പുണരുന്നിതാ!

യുഗാന്തരങ്ങളായി അവൾ കാത്തിരുന്നതും,
ഇന്നിവിടെ പൂർണ്ണമായി തീർന്നതും ,
മഴ മണ്ണിനായി ബാക്കിവെച്ചൊരാ
പ്രണയത്തിൻ ആർദ്രനാദം!

ആതിര ജി



# Gunshots at peak...

So loud so loud...
Those cry strangled with blood....
So loud so loud
Those eye with no Mercy...
So loud so loud
Those shattered dreams of flood...
So loud so loud
Those dark thoughts of heresy...

My eye saw only dark red...
My ears heard only spot shots...
My beloved was all in blood..
My books where all in stain...
My fear was already dead...
My voice already caught..
My way to ice was shed..
Me as a stone broth...

Just to leave already high
Just to feel the peace
Not again not again any descry...
Not again not again any fleece...
Stop here, I'm already a misbegotten...
Stop here, I'm already motherless...
Stop here, I've already ran a lot..
Stop here, I've already crossed the sea of red....

Think of the worth of life you took away..
Think of the dreams you shattered away..
Think of the child with no hands to provide a toy...
Think of the eye of mother who never fed the child...
To gain this territory how long you gonna fight...
How long you gonna kill..
Until the last drop of blood will always name you...
Just as always, terrorist...

- **Rahana KV**
Natural *Science*

# Where Wings couldn't fly

Every day, she gave her mother a kiss and walked to school. The distance from her home to school was short, but the journey was not always easy. She walked with her little cousin brother, just a few months younger than her, and together they passed through a rough area.

On their way, they often saw familiar men—faces she'd seen before with her father. These men would disturb women and young girls, harassing them openly. She had to run away many times, scared and helpless. For her, they were like uncles. It repeated daily until one day, they were gone. Later, she found out they had been arrested after the women they harassed bravely reported them to the police. That was good news for her—a rare moment of relief.

She was especially happy that day. Her school results had come out—she had passed and was moving on to the 6th standard. As a bright student, she loved to learn. She dreamed of becoming a lawyer, someone who would fight for those who suffered, especially women hurt by the cruelty of men. Her own mother was one of them—harrased daily by a husband who drank, shouted, hit, and hurt her without reason.

Despite everything, the girl held on to her dreams. She wanted to protect her mother and others like her. She believed in the power of education. Her mother often said, “You’re a big girl now. You have to protect yourself. Let your eyes be like cameras—watch, record, never forget.”

She listened. She remembered.

One weekend, she and her cousin brother played together. They were close in age, always laughing, always together. That evening, she sat doing homework when she heard her mother scream. She ran to her and saw her father hitting her mother again. She clung to his legs, begging him to stop. He kicked her aside. Then, as if nothing happened, his voice softened and he acted sweet—as if violence had never filled the room. This happened often. Too often.

Another day, walking home from school, she noticed some new faces. These boys were different—well-dressed, charming, but her instincts warned her. Her mother later told her those boys were drug users, harassing girls like the old men before.

Then came the rainy day.

A gentle, drizzly afternoon. She walked, soaking in the beauty of the moment, unaware it would be the last peaceful rain she'd remember. Suddenly, a man jumped in front of her. Before she could scream, another boy grabbed her from behind and covered her mouth. Pain exploded through her body like a thousand thunderstorms. Everything blurred.

When she opened her eyes, what she saw shattered her soul.

One of the boys was recording the horror on his phone. That face—the one behind the camera—was her cousin brother.

Her little one...

The last face she saw...

- **Sreelakshmi S**
English



# Reverie

Escalating wars, Elevating powers.
Diverging borders , Dissecting brotherhood .
When all bleed red, why thirst for bloodshed ?
Air is life, yet some choose airstrikes.

Man framed religion to unite,
now the same ignites war.
Troops exhibit agility,
ever wondered how fragile they are?

One dies for the motherland, claiming valour ,
yet, life of mother deprived of colour.
Born as strangers,
Efforts make up the bond we share-
but the same estrange us.

Desolate and desperate, common race;
Fighting for bread has cause,
fighting for breath sparks chaos.
Ripples on water fade in time,
crippled are bodies in crime.

Maps lead us on tour,
bombs lead us to tombs.
Dominance of sea and sky,
make us cry.
Joining cults, losing sense of bolts,
wherever it emanates, is a threat.
Reason enlightened mankind ,
treason dims the light of humankind .
Reality has been cruel,
hope dream not be tinted.


- **Devapriya k**
English

# SAILORS IN THE DEEP SEA

Rising and falling, the sea waves…
We were also moving according to those waves.
We couldn't control our mind, our body, and—
Even the ship as well…
Cargoes were falling down like beads,
Those beads moving far away and away.
Our life was like a pendulum, moving to and fro.
Whenever the message from the deep sea reached the land,
Helping hands came to take us out of that trouble…
Eventually, we recovered our mind, body—
And everything.

Thank you… thank you… thank you….

- **Drishya M**
Natural *Science*





നടക്കാനാവാത്ത
കാലുകൾക്കും മുമ്പേ
ചോദ്യങ്ങൾ നടന്നു,
വായുവിൽ,
ജനങ്ങളുടെ
രക്തത്തിൽ.
ഒറ്റപ്പെട്ട ശബ്ദം
ആയിരങ്ങളായി
പെരുകി,
മൗനത്തിന്റെ
കാവൽക്കാർ പോലും
കേട്ടു തുടങ്ങുന്ന
താളമായി —
ദൂരെയൊരു
പെരുമ്പറയുടെ ആദ്യ
മിടിപ്പ്.



- Merlina J B
*Social Science*



- **Vineetha Vishwanath**
*Natural Science*



**Dr Vineetha Prakash** -
*Assistant Professor,*
*Natural Science*



- **Rahana K V**
*Natural Science*



- **Malavika Suresh**
*Physical Science*

# Unlocking Memories












































KINTSUGI


EXIT





















# KANNUR UNIVERSITY TEACHER EDUCATION CENTRE,
## DHARMASALA



**ALAKA RAVEENDRAN**
CHAIRPERSON



**APARNA C P**
VICE CHAIRPERSON



**KRISHNANUNNI C S**
FINE ARTS



**MITHUNRAJ M E**
GENERAL SECRETARY



**PREKSHYA PRAKASHAN**
GENERAL SECRETARY



**NIVED K**
JOINT SECRETARY



**SREELAKSHMI S**
GENERAL CAPTAIN



**M P SHIBIN JANARDHANAN**
STUDENT EDITOR



**BLESSY M PETER**
STUDENT EDITOR

KANNUR UNIVERSITY
TEACHER EDUCATION CENTRE,

# EDITORIAL BOARD



**ANUSREE P K**
COMMERCE



**HISANA V A**
ENGLISH



**M P SHIBIN JANARDHANAN**
MAGAZINE EDITOR
ENGLISH



**IJAS C**
MALAYALAM



**NIVED K**
MALAYALAM



**SUKANYA S**
MALAYALAM



**MITHUNRAJ M E**
NATURAL SCIENCE



**RAHANA K V**
NATURAL SCIENCE



**MALAVIKA SURESH**
PHYSICAL SCIENCE



**SIDHARTH M**
PHYSICAL SCIENCE



**BLESSY M PETER**
SUB EDITOR
SANSKRIT



**MANYA K**
SANSKRIT



**ALAKA M T**
NATURAL SCIENCE



**ARSHA S**
NATURAL SCIENCE

# OPTION REPRESENTATIVES

First year



**SALMATH.K V K**
COMMERCE



**ALBEENA YOHANNAN**
ENGLISH



**SNEHA PREMACHANDRAN**
MALAYALAM



**NIVEDYA A V**
MATHEMATICS



**VINEETA VISHWANATH**
NATURAL SCIENCE



**ANAGHA SASI**
PHYSICAL SCIENCE



**PRINCY PRAKASH**
SANSKRIT



**DEVIKA P**
SOCIAL SACIENCE

## Second year




**SRUTHI. K**
COMMERCE



**KEERTHI TOM**
ENGLISH



**ATHIRA V**
MALAYALAM



**HARSHITHA**
MATHEMATICS



**HARITHALAKSHMI G**
NATURAL SCIENCE



**KARTHIKA K S**
PHYSICAL SCIENCE



**ARATHI.E**
MATHEMATICS



**VISMAYA V K**
SOCIAL SCIENCE


KANNUR UNIVERSITY
TEACHER EDUCATION CENTRE DHARMASALA 2024-26 B BATCH
ARCHANA STUDIO DHARMASALA


KANNUR UNIVERSITY
TEACHER EDUCATION CENTRE DHARMASALA 2024-26 A BATCH

# ഈ പുതുവർഷത്തിൽ എടുക്കൂ, ഒരു തകർപ്പൻ തീരുമാനം

KVR
VEHICLES



CT110X

Pulsar 125/150

ആദ്യ തവണ 2990* | എക്സ്ചേഞ്ച് ഓഫർ | 100%* ലോൺ സൗകര്യം

## Chetak Electric



### 20 രൂപയ്ക്ക് 153 കിലോമീറ്റർ ഓടാം

- 35 ലിറ്റർ ബൂട്സ് സ്പേസ്
- കണ്ണൂരിലുടനീളം സർവീസ് സെന്ററുകൾ

**Price Starts @**

**Rs.99,990***

KVR BAJAJ 999 526 3366

**Radiant ENT Hospital**
Relief. Recovery. Radiance.

**Surgery Coordinator**: 8078897307

# Highest Quality
# Lowest Price

**സൂപ്പർ സ്പെഷ്യാലിറ്റി**
**കോർപ്പറേറ്റ് ഹോസ്പിറ്റൽസിൽ**
**ഉള്ള ലോകോത്തര നിലവാരത്തിലുള്ള**
**ഓപ്പറേഷൻ സൗകര്യങ്ങൾ,**
**Radiant ൽ ലഭ്യമാണ്!**



കയ്യിൽ ഒതുങ്ങുന്ന ചിലവിൽ
**ചികിത്സ ഉറപ്പാക്കാം.**

**EMI ഓപ്ഷനും ഒപ്പം തന്നെ**
**Cashless Insurance പദ്ധതിയും**
Radiant ന്റെ പ്രത്യേകതയാണ്.

## What makes Radiant ENT Hospital Special

- Laminar Flow Operation Theatre
- Latest Anaesthesia Technology
- Foreign-made Operation Equipment
- World-class ICU
- Well experienced senior surgeons
- Comfortable AC & Non-AC Rooms
- Excellent Nursing Care
- Personal Attention & Care
- Latest internationally accepted surgical techniques

**0497 276 8768, +91 85477 69268**
Near Chamber of Commerce, NH Highway, Caltex, Kannur - 670002



എന്നിട്ടും അയാൾ ചോദ്യങ്ങൾ ചോദിച്ചു കൊണ്ടേയിരുന്നു. മർദ്ദനങ്ങളേറ്റിട്ടും... ചവിട്ടിയരക്കപ്പെട്ടിട്ടും... കണ്ണും ചെവിയും വായും കൈകാലുകളും നഷ്ടപ്പെട്ടിട്ടും... അയാളുടെ ചോദ്യങ്ങൾക്ക് ആരും ഉത്തരം കൊടുത്തില്ല. പക്ഷേ അവരൊക്കെ വഴിയിലേക്ക് ഇറങ്ങി വന്നു. അയാളെപ്പോലെ ചോദ്യങ്ങൾ ചോദിക്കുവാൻ തുടങ്ങി. ചോദ്യങ്ങൾക്ക് പിന്നാലെ ചോദ്യങ്ങൾ...

ചോദ്യങ്ങളുടെയും ചോദ്യങ്ങൾ ചോദിക്കുന്നവരുടെയും ഒരു വലിയ ഘോഷയാത്ര

B'sons
സ്വയംവര
വെഡ്ഡിംഗ് കളക്ഷൻസ്

Main Road, Taliparamba
**Mob : 9447641612**

